[illegible]

പുസ്തകം ൧]　　　മേടം　　　[ലക്കം ൨

മലങ്കര
ഇടവക പത്രിക

മാസംതോറും പ്രസിദ്ധപ്പെടുത്തുന്നതു.



നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിൽ അല്ലാതെ
പുകഴ്ചെയ്യുവാൻ സംഗതി വരരുതു.
(മാർ പൌലൂസ്)

സംഗതിവിവരങ്ങൾ.

	പുറം
മലങ്കര സുറിയാനി [illegible] സാമുദായിക [illegible]	[illegible]
[illegible] (തുടർച്ച)	[illegible]
വിദ്യാഭ്യാസം (തുടർച്ച)	[illegible]
[illegible]	[illegible]
[illegible]	[illegible]
[illegible]	[illegible]
സൂചനകൾ	[illegible]

പഞ്ചാംഗം

൧൮൯൮

ഈയാർ...മെയ്...ജൂൺ...ഇടവം

സുറിയാനി	ഇംഗ്ലീഷ്	മലയാളം	ആഴ്ച
൧	൧൩	൧	വെ
൨	൧൪	൨	ശ
൩	൧൫	൩	ഞാ
൪	൧൬	൪	തി
൫	൧൭	൫	ചൊ
൬	൧൮	൬	ബു
൭	൧൯	൭	വ്യാ
൮	൨൦	൮	വെ
൯	൨൧	൯	ശ
൧൦	മെയ് ൨൨	൧൦	ഞാ
൧൧	൨൩	൧൧	തി
൧൨	൨൪	൧൨	ചൊ
ഈയാർ ൧൩	൨൫	൧൩	ബു
൧൪	൨൬	ഇടവം ൧൪	വ്യാ
൧൫	൨൭	൧൫	വെ
൧൬	൨൮	൧൬	ശ
൧൭	൨൯	൧൭	ഞാ
൧൮	൩൦	൧൮	തി
൧൯	൩൧	൧൯	ചൊ
൨൦	൧	൨൦	ബു
൨൧	൨	൨൧	വ്യാ
൨൨	൩	൨൨	വെ
൨൩	൪	൨൩	ശ
൨൪	൫	൨൪	ഞാ
൨൫	ജൂൺ ൬	൨൫	തി
൨൬	൭	൨൬	ചൊ
൨൭	൮	൨൭	ബു
൨൮	൯	൨൮	വ്യാ
൨൯	൧൦	൨൯	വെ
൩൦	൧൧	൩൦	ശ
൩൧	൧൨	൩൧	ഞാ

വിശേഷ ദിവസങ്ങൾ.

൩- നു- [illegible] ൪- [illegible] ൬. ൪൨__[illegible]

൮- നു- മാർ യോഹന്നാൻ ശ്ലീഹായുടെ ഓർമ്മ.

൧൦- നു- [illegible] ൯.൦ [illegible] ൬__൬൮

൧൪- നു- സ്വർഗ്ഗാരോഹണം (മാറാനായ) [illegible] ൧൭- ൧൪__൨൦

൧൫-ാം നു- [illegible] ഓർമ്മ. [illegible] ൩__൩൧

൧൭- നു- [illegible] ൬-ാം [illegible] ൧൪__൨൦

൨൪ നു- പെന്തിക്കുസ്തി [illegible] ൧൫. ൨൦. മുതൽ ൬൪ [illegible] ൧൫. [illegible] വരെ

൩൧- നു- [illegible] ൧൧-ാം [illegible] ൭. ൨൬__൩൫.

മലങ്കര ഇടവക പത്രിക

പുസ്തകം ൭]　　൧൮൯൮　　നീസാൻ　　[ലക്കം ൬

കഷ്ടാനുഭവ കാഴ്ച.

കാരുണ്യാംബുധി ക്രിസ്തുയേശു മനുജൎക്കുള്ളോരു താപങ്ങളെ
പാരാതൊക്കെ ഗ്രഹിച്ചു യൂദബെതിലെം ഗോഗേഹ പുത്രാജനെ
മേരീതന്നുടെ മെയ്യെടുത്തവതരിച്ചിഷ്ടാനുമോദേന മാ
ചോരന്മാരിരുപക്കമദ്ധ്യെ മലയിൽ തൂങ്ങുന്നിതാ ക്രൂശതിൽ.

മലങ്കര സുറിയാനി മഹാ ജനങ്ങളുടെ
സാമൂഹ്യ സമ്മേളനം.

കഴിഞ്ഞ പ്രാവശ്യം പ്രസ്താവിച്ചിരുന്നതുപൊലെ സാമൂഹ്യസമ്മേളനം ഈ മാസം ൧൦-ാം ൹ വ്യാഴാഴ്ച മാർ ദീവന്നാസ്യോസ സിമ്മനാരിയിൽവച്ചു നടന്നിരിക്കുന്നു. പറവൂർ മുതൽ ചാത്തന്നൂർ വരെയുള്ള നാനാ ഇടവകകളിൽനിന്നായി ഏകദേശം ൧൦൦-ൽ പരം ആളുകൾ അന്നെ ദിവസം കൂടിയിരുന്നു- ചെറുപ്പക്കാരായ പട്ടക്കാരിലും പലർ ഹാജരുണ്ടായിരുന്നു. നടപടിപ്രകാരം കാലത്തു ഏഴു മണിക്കു സിമ്മനാരിയൊടു ചേൎന്ന മാർ ഏലിയാ ചാപ്പലിൽ വ. ദി. ശ്രീ. പൌലൊസ റെമ്പാച്ചൻ അവർകൾ കുൎബ്ബാന ചൊല്ലി. കുൎബ്ബാനയുടെ പിമ്പു കുറച്ചുനേരത്തെക്കു അന്യോന്യപരിചയത്തിനുവേണ്ട സല്ലാപങ്ങൾ കഴിച്ചശേഷം എല്ലാവരും കാപ്പിക്കു ഇരുന്നു. ഈ സന്ദൎഭത്തിൽ മലങ്കര മല്പാൻ ദി. ശ്രീ. ഗീവറുഗീസ കത്തനാർ അവർകൾ ചുരുക്കത്തിൽ സമയൊചിതമായ ഒരു സ്വാഗത പ്രസംഗം പറഞ്ഞു.

അനന്തരം ൧൦ മണിയോടുകൂടി എല്ലാവരും വിശാലമായ സിമ്മനാരി കെട്ടിടത്തിൽ സംഘം കൂടി. വെസ്റ്റെൻസ്റ്റാർ പത്രത്തിന്റെ ഉടമസ്ഥനും മാനേജരുമായ രാ. രാ. സി. ജെ. കുര്യൻ അവർകളെ യോഗാഭിപ്രായപ്രകാരം അഗ്രാസനാധിപതിയായി തിരഞ്ഞെടുത്തശേഷം അദ്ദെഹത്തിന്റെ സംക്ഷേപമായ ഒരു പ്രസംഗത്തൊടുകൂടെ സംഘനടപടികൾ ആരംഭിച്ചു.

കാൎയ്യപരിപാടിയിൽ പ്രസ്താവിച്ചിരുന്ന പ്രകാരം വാൎഷിക സമ്മേളനങ്ങൾ വിദ്യാഭ്യാസസംഘം, മാർ ദീവന്നാസ്യോസ സിമ്മനാരി, ഇടവകപ്പത്രിക, പള്ളിമുതലുകൾ, എന്നീ വിഷയങ്ങളെ പറ്റി അന്യോന്യ സംവാദങ്ങൾ നടന്ന ശേഷം നിശ്ചയങ്ങൾ ഓരൊന്നായി സ്വീകരിച്ചു ഉറപ്പിക്കപ്പെട്ടു.

മേൽ ആണ്ടുതോറും ഇതെസമയത്തും സ്ഥലത്തും സമ്മെളനങ്ങൾ നടത്തപ്പെടണമെന്നും സുറിയാനിസമുദായത്തിൽ വിദ്യാഭ്യാസ പ്രചാരത്തിലും സാമൂഹ്യാഭിവൃദ്ധിയിലും തല്പരതയും സഹകരണം ചെയ്യാൻ മനസ്സും ഉള്ള ഏവക്കും ഇതിൽ സാമാജികന്മാരായിരിക്കാമെന്നും സാമാജികന്മാർ ആണ്ടിൽ രണ്ടു രൂപായിൽ കുറയാതെയുള്ള ഒരു വരി സമ്മെളനത്തിലെക്കു കൊടുക്കണമെന്നും തീൎച്ചപ്പെടുത്തി.

പോയാണ്ടത്തെ സംഘത്തിൽ സുറിയാനിസമുദായത്തിൽ വിദ്യാഭ്യാസപ്രചാരം വൎദ്ധിപ്പിക്കുവാൻ ഇന്ത്യൻ കമ്പനി ആക്ട് പ്രകാരം ഏകാംഗീകരിക്കപ്പെട്ട ഒരു വിദ്യാഭ്യാസ സംഘം ഉണ്ടാക്കണമെന്നു നിശ്ചയിക്കയും അതിന്റെ കൂട്ടനിബന്ധനകൾ മുതലായ്വ എഴുതി ഉണ്ടാക്കുവാൻ ഹൈക്കൊട്ട വക്കീൽ രാ- രാ- ജോൺ അവൎകളെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നതുപൊലെ അദ്ദേഹം എഴുതി കൊണ്ടുവന്നിരുന്നു- അതിന്റെ ചുരുക്കം സംഘത്തിൽ പ്രസ്താവിച്ചശെഷം കൂട്ടനിബന്ധനകളെപ്പറ്റി ആലൊചിച്ചു റിപ്പൊട്ടു ചെയ്വാൻ ഒരു ഉപകമ്മട്ടിയെ ഏൎപ്പെടുത്തുകയും അവരുടെ റിപ്പൊട്ടു അടുത്ത യോഗത്തിനു മുമ്പു വരുത്തി യോഗത്തിൽ കേട്ടുതീരുമാനിക്കയും ചെയ്യണമെന്നു നിശ്ചയിച്ചു.

മാർ ദീവന്നാസ്യോസ സിമ്മനാരിയെസംബന്ധിച്ചു ഒരു റിപ്പൊട്ടു അദ്ധ്യക്ഷൻ വായിച്ചശേഷം സമാജികന്മാരിൽനിന്നു പിരിയുന്ന വരിയിൽ രണ്ടുരൂപാ വീതമുള്ള സംഖ്യ സമ്മെളന ചിലവിലെക്കും സിമ്മനാരിയുടെ നിത്യചിലവിലെക്കും ഉപയോഗിക്കണമെന്നും രണ്ടുരൂപായിൽ അധികമായി സാമാജികന്മാരിൽ നിന്നു പിരിയുന്നസംഖ്യകളും സാമാജികന്മാരല്ലാത്തവരിൽ നിന്നു ഡെപ്പി മുഖാന്തരവും മറ്റും പിരിയുന്നസംഖ്യകളും സിമ്മനാരിയുടെ മൂലധനമായിരിക്കണമെന്നും നിശ്ചയിച്ചതു കൂടാതെ വളരെ ഞെരുക്കത്തിൽ സിമ്മനാരിയെ നടത്തികൊണ്ടുപൊകുന്ന കമ്മട്ടിക്കാരെക്കുറിച്ചു സംഘത്തിനുള്ള കൃതജ്ഞതയെ പ്രസ്താവിക്കയും ചെയ്തു.

അനന്തരം മലങ്കര ഇടവകപത്രികയെ സംബന്ധിച്ചു പത്രാധിപരെ സഹായിപ്പാൻ വേണ്ട ഉപന്യാസങ്ങൾ എഴുതുന്നതിനു വിദ്യകൊണ്ടും മറ്റും യോഗ്യന്മാരായ ചില ആളുകളോടു അപേക്ഷിക്കയും അവർ സമ്മതിക്കയും ചെയ്തു. സംഘത്തിൽവച്ചു ഏറ്റിട്ടുള്ള മഹാന്മാർ തങ്ങളുടെ കൃത്യം ശരിയായി പ്രവൃത്തിച്ചു ഞങ്ങൾക്കു വേണ്ടസഹായം ചെയ്തുതരുമെന്നു ഞങ്ങൾ പൂൎണ്ണമായി വിശ്വസിക്കയും അവർ ഏറ്റിട്ടുള്ള ചുമതല വഹിപ്പാൻ ഒട്ടും ഉദാസീനത കാണിക്കരുതെന്നു ഈ അവസരത്തിൽ പ്രത്യേകം ഞങ്ങൾ അപെക്ഷിക്കയും ചെയ്യുന്നു.

പള്ളിമുതലുകളെ സംബന്ധിച്ചു നാശം വരാതിരിപ്പാൻ പല മാൎഗ്ഗങ്ങളും ഓരോരുത്തർ അഭിപ്രായപ്പെട്ടു എങ്കിലും അവയെ നടത്തിക്കുന്നതിനു ഈ സംഘക്കാൎക്കു സ്വാതന്ത്ര്യമില്ലാത്തതിനാൽ മേല്പട്ടക്കാരോടു ചില അപേക്ഷകൾ ചെയ്വാൻ തീരുമാനിച്ചു.

കടശി, തിരുവിതാംകൂർ ദിവാൻ ഉദ്യോഗത്തിലേക്കു ഈയിടെ ഉയൎത്തപ്പെട്ടിരിക്കുന്ന മാ. രാ. രാ. ദിവാൻ ബഹദൂർ കൃഷ്ണസ്വാമി രായർ അവർകളെ സംഘത്തിന്റെ കൃതാൎത്ഥത കമ്പിമൂലം അറിയിക്കണമെന്നു തീരുമാനിക്കയും വ. ദി. ശ്രീ. പൌലൂസ റമ്പാച്ചൻ അവർകൾ ആജ്ഞാപ്രകാരം അപ്പോൾതന്നെ കമ്പി അറിയിക്കയും ഉണ്ടായി.

ഇത്രയും നടന്നപ്പോഴേക്കു മണി പന്ത്രണ്ടു കഴികയാൽ സംഘക്കാർ എല്ലാവരും ചാപ്പലിൽ കൂടി ഉച്ചനമസ്കാരവും പിന്നാലെ ഭക്ഷണവും കഴിച്ചുശേഷം സിമ്മനാരിവകയ്ക്കു പലടത്തു നിന്നും വന്നിട്ടുള്ള ഡെപ്പികൾ തുറന്നു തിട്ടപ്പെടുത്തുവാൻ പ്രത്യേകം നിയമിക്കപ്പെട്ട ആളുകൾ ആ പ്രവൃത്തി ആരംഭിച്ചു. ആകെ തൊള്ളായിരത്തോളം ഡെപ്പികൾ പല സ്ഥലങ്ങളിലായി അയച്ചിട്ടുണ്ടായിരുന്നു. അവയെ ശേഖരിപ്പാൻ നിയമിക്കപ്പെട്ടവരിൽ പലരും സിമ്മനാരിയിലെ വിദ്യാൎത്ഥികളും ശെമ്മാശന്മാരും ആകയാൽ പള്ളിക്കൂടം തുറക്കുന്നതിനുമുമ്പു എല്ലാവരും വന്നുചേരുന്നതു അസാദ്ധ്യമാണ. എങ്കിലും ഇരുനൂററമ്പതോളം ഡെപ്പികൾ വന്നുചേൎന്നതിൽ നിന്നു ൫൦൦ രൂപാ വരെ മുതൽ കണ്ടിരിക്കുന്നു എന്നുള്ള വാൎത്ത നമ്മുടെ വായനക്കാൎക്കു അത്യന്തം തൃപ്തികരമായിരിക്കുമെന്നു വിശ്വസിക്കുന്നു. കൂടിയ സംഖ്യ ൪൦ രൂപായും കുറഞ്ഞ സംഖ്യ രണ്ടു ചക്രവും ആയിരുന്നു. ഹൈക്കോട്ടു വക്കീൽ രാ. രാ. ഇ. ജെ. ജോൺ അവർകൾ സ്കോളർഷിപ്പു വകയ്ക്കു ൩൬ രൂപാ തന്നിട്ടുള്ളതിനു പുറമെ ഡെപ്പിവകയും ആദായ വരിയും കൂടി ഏല്പിച്ച സംഖ്യയാണ അമ്പതു രൂപായോളം ഉണ്ടെന്നു പറഞ്ഞതു. ഡെപ്പി മാത്രം നോക്കുന്നതായാൽ ഒന്നാമതായി പറയേണ്ടതു കോട്ടയം കലാൽകുത്തക രാ. രാ. സി. ജോൺ അവർകളുടെയും രണ്ടാമതായി വൈക്കം മീനച്ചി കുത്തക രാ. രാ. കോനാട്ടു ഇട്ടൻപിള്ള അവർകളുടെയും പേരുകൾ ആണ. ജോൺ അവർകളുടെ ഡെപ്പിയിൽ ൩൪ രൂപായും ഇട്ടൻപിള്ള അവർകളുടെ ഡെപ്പിയിൽ ൨൮ രൂപായും ഉണ്ടായിരുന്നതു ഏററവും പ്രശംസനീയമായ സംഖ്യകൾ എന്നു പറയാതിരിപ്പാൻ പാടില്ല. എന്നതിൽ പ്രത്യേകിച്ചു ഈ മഹാന്മാർ മേലിലും യഥാശക്തി സഹായിപ്പാൻ സന്നദ്ധന്മാരാണെന്നു എഴുത്തുമൂലം അറിയിച്ചിട്ടുള്ളതിനാൽ സിമ്മനാരി കമ്മട്ടിക്കാർ സാമാന്യത്തിൽ അധികം ധൈൎയ്യം പ്രാപിച്ചിരിക്കുന്നു എന്നു പറവാൻ സംശയമില്ല. സിമ്മനാരി കമ്മട്ടിക്കാരുടെ പരിശ്രമങ്ങളെ സഹായിപ്പാനും പ്രോത്സാഹിപ്പാനും ഈ വിധം ഔദാൎയ്യങ്ങളാൽ സഹായം ചെയ്തിരിക്കുന്ന എല്ലാവരെയുംകുറിച്ചു കമ്മട്ടിക്കാർ വളരെ വളരെ കൃതജ്ഞന്മാരായിരിക്കുന്നു എന്നു സംഘത്തിൽ പ്രസ്താവിച്ച വിവരം ഒരിക്കൽ കൂടെ ഈ പത്രമുഖേന ആവൎത്തിച്ചു കമ്മട്ടിക്കാരിൽ ഒരാൾ എന്ന നിലയി

ൽ ഞങ്ങൾ അറിയിച്ചുകൊള്ളുന്നു.

വെസ്റ്റൻസ്റ്റാർ മാനേജർ കുര്യൻ അവർകളും തിരുവനന്തപുരം രജിസ്ട്രാർ രാ- രാ- വക്കി അവർകളും ചങ്ങനാശേരി സെൻറബെക്കമാൻ ഹൈസ്കൂളിൽ അസിസ്റ്റാണ്ട് മാസ്റ്റർ രാ. രാ- കെ- എം- കുര്യൻ അവർകളും ഡെല്പികൾക്കുപുറമെ സ്കോളർഷിപ്പുകൾക്കു ചില ഔദാര്യങ്ങൾ ചെയ്തിട്ടുള്ള വിവരം കൃതജ്ഞതാപൂർവ്വം ഈ അവസരത്തിൽ തന്നെ പ്രസ്താവിച്ചുകൊള്ളുന്നു.

സമ്മേളന നടപടികളെക്കുറിച്ചു മുമ്പിൽ പ്രസ്താവിച്ചതിൻെറ തുടർച്ച ഇനി പറയട്ടെ. ഉച്ചഭക്ഷണശേഷം രണ്ടുമണിക്കു വീണ്ടും സംഘം കൂടി. ഈ പ്രാവശ്യം യോഗാപേക്ഷപ്രകാരം അഗ്രാസനാധിപത്യം വഹിച്ചതു മല്ലപ്പള്ളി പള്ളിയിൽ വികാരി ബ്രഹ്മശ്രീ പയ്യമ്പള്ളിൽ ദാവീദു കത്തനാർ അവർകളായിരുന്നു. ഈ യോഗത്തിൽ നടന്ന പ്രധാന നടപടികൾ രാ. രാ. ഇടവഴിക്കൽ പീലിപ്പോസ അവർകൾ 'നമ്മുടെ പട്ടക്കാർ' എന്ന വിഷയത്തെക്കുറിച്ചു ഒരുദീർഘപ്രസംഗം വായിച്ചതും പ്രസംഗത്തെ ശ്ലാഘിച്ചു സാമാജികന്മാരിൽ പലരും അഗ്രാസനാധിപതിയും പ്രസംഗിച്ചതും ആയിരുന്നു. ഇത്രയും കഴിഞ്ഞപ്പോൾ മണി നാലു കഴിഞ്ഞു. അന്നെ ദിവസം ൫ മണിക്കു സ്ഥലത്തെ വായന ശാലയിൽ ഒരു ക്രിസ്ത്യൻ അസോസിയേഷൻ കൂടുവാൻ നിശ്ചയിച്ചിരുന്നതിനാൽ സമ്മേളനം ൫ മണിക്കു നിർത്തിവച്ചു, ക്ഷണിക്കപ്പെട്ടവരിൽ പലരും വായനശാലയിലെക്കു പോകേണ്ടിവന്നു. ഇതിനിടയിൽ സംഘക്കാർ ചാകുടി കഴിച്ചു- ആറുമണിക്കുമുമ്പു എല്ലാവരും വീണ്ടും ചാപ്പലിൽ കൂടി സന്ധ്യാനമസ്കാരവും അത്താഴവും കഴിച്ചു ശേഷം ൭ മണിയോടുകൂടെ വീണ്ടും സംഘംകൂടി. കാര്യപരിപാടിപ്രകാരം ഈ അവസരത്തിൽ നടത്തപ്പെടുവാൻ നിശ്ചയിച്ചിരുന്നതു (ടോസ്റ്റ) ഗുണാശംസാ പ്രസംഗങ്ങൾ ആയിരുന്നു- ആദ്യമായി നമ്മുടെ പൊന്നുതമ്പുരാൻ തിരുമേനിയെക്കുറിച്ചു ബ്രഹ്മശ്രീ മാലിത്ര ഏലിയാസു കത്തനാർ അവർകൾ പ്രസംഗിച്ചു. അനന്തരം 'നമ്മുടെ സഭ'യെക്കുറിച്ചു രാ- രാ. സി- ജെ- കുര്യൻ അവർകൾ പ്രസംഗിക്കയും മല്പാൻ അവർകൾ മറുപടി പറകയും ചെയ്തു- അനന്തരം നമ്മുടെ മേല്പട്ടക്കാരെയും പട്ടക്കാരെയും കുറിച്ചു മൂവാററുപുഴ മുൻസിപ്പുകോട്ടു വക്കീൽ രാ- രാ- കെ- പി- പുന്നൂസ അവർകളും മറുപടിയായി ബ്രഹ്മശ്രീ പയ്യമ്പള്ളിൽ ദാവീദു കത്തനാർ അവർകളും പറഞ്ഞു. അനന്തരം 'നമ്മുടെസിമ്മനാരി'യെക്കുറിച്ചു പറവൂർ കുളങ്ങരെ രാ- രാ- മാത്തു ബി- എ- അവർകളും മറുപടി സിമ്മനാരി ഹേഡ്മാസ്റ്റർ രാ- രാ- മാമ്മൻ ബി- എ. അവർകളും പറഞ്ഞശേഷം അതിഥികളെ സംബന്ധിച്ചു രാ. രാ- കെ- ഐ- വറുഗീസ മാപ്പിള അവർകളും മറുപടി രാ-രാ- വക്കീൽ ജോൺ ബി- എ- ബി- എൽ അവർകളുംപറഞ്ഞു ഗുണാശംസാ പ്രസംഗങ്ങൾ അവസാനിപ്പിച്ചു. ഇതിനിടയിൽ വേറൊരുസംഭവം നടന്നതു നമ്മുടെ വായനക്കാരെ അറിയിക്കാതിരിപ്പാൻ പാടില്ല. സംഘത്തിൽ വന്നിരുന്ന മഹാന്മാരിൽ ഒരുവനായ പറവൂർ മുൻസിപ്പുകോ

ട്ടു വക്കീൽ രാ- രാ- ജൊസെപ്പ അവർകൾ റോമ്മാ സഭയിൽ നിന്നു അടുത്ത കാലത്തു സുറിയാനി സഭയിലെക്കു ചേൎന്ന ഒരാൾ ആകുന്നു. സുറിയാനി മതസംഗതി എന്നപുസ്തകം വായിച്ചതിനാൽ അദ്ദേഹത്തിനും അദ്ദേഹത്തിന്റെ ഉപദേശം മൂലം പറവൂർ വേറെ പലൎക്കും ഉണ്ടായ മനസ്സുതിരിവിനെക്കുറിച്ചു ആ മാന്യൻ പറഞ്ഞ പ്രസംഗം സുറിയാനി സഭ ക്രമേണ ഇതര സഭകളിൽ ലയിച്ചു പോകുമെന്നു മദ്രാസിൽ ഒരു റെയിസാല്ല എഴുതിയിരിക്കുന്ന ആത്മാവിനാൽ അല്ലാത്ത ദീൎഘദൎശനത്തെ വിഫലീകരിക്കുന്ന ദൃഷ്ടാന്തമാണെല്ലൊ എന്നോൎത്തു സംഘത്തിൽ ഉണ്ടായിരുന്ന എല്ലാവൎക്കും അനല്പം ആനന്ദത്തെ ജനിപ്പിച്ചു.

കടശി പാത്രിമണിയോടുകൂടി വ- ദി- ശ്രീ- പൌലൊസ റമ്പാച്ചൻ ആത്മികമായ പല ഗുണദോഷങ്ങളും അടങ്ങിയ ഒരു പ്രസംഗത്താൽ സംഘത്തെ ആശീൎവ്വദിച്ചു പിരിച്ചയച്ചു. മൊത്തമായി പറഞ്ഞാൽ ഈ സമ്മേളനം അതിൽ ഉൾപ്പെട്ട എല്ലാവൎക്കും സാമാന്യത്തിൽ അധികം കൃതാൎത്ഥതയെ ജനിപ്പിച്ചിരിക്കുന്നു എന്നും ഈയാണ്ടത്തെ സംഘം വളരെ ഭംഗിയായി അവസാനിച്ചു എന്നും പറവാൻ സംശയമില്ല. അടുത്ത ആണ്ടിൽ ഇതിലും ഉപരിയായിരിക്കുമെന്നു ആശംസിപ്പാൻ പലകാരണങ്ങളും ഉണ്ടു. മേലിൽ പട്ടക്കാരിൽ ഒരു വലിയ സംഘത്തെക്കൂടെ കൂട്ടണമെന്നും ആത്മീകമായ ഗുണദോഷങ്ങളും ആലോചനകളും കൂടെ നടത്തണമെന്നും ഈ പ്രാവശ്യം നിശ്ചയിച്ചിട്ടുള്ളതിനാൽ ഈ സമ്മേളനം അന്യോന്യ സംസൎഗ്ഗത്തിനും സാമൂഹ്യ ഉയൎച്ചയ്ക്കും ഉപയോഗപ്പെടുന്നതുകൂടാതെ ആത്മീകമായ വളൎച്ചയ്ക്കും അനുകൂലിയായി തീരുമെന്നു വിശ്വസിക്കുന്നു. സംഘനിശ്ചയങ്ങളുടെ വിവരമായ റിപ്പോൎട്ടു ഉടനെ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നതാകുന്നു. ഡെല്ലികൾ മൂലവും മറ്റുമുള്ള പിരിവുകൾ ഈ പത്രമുഖേന തന്നെ പ്രസിദ്ധപ്പെടുത്തുവാൻ നിശ്ചയിച്ചിട്ടുണ്ടു.

ഒരു സംഗതി കൂടെ പറവാനുണ്ടു. വിദ്യാഭ്യാസ സംഘം ഏൎപ്പെടുത്തുന്നതിനു എഴുതിയുണ്ടാക്കിയ കൂട്ടനിബന്ധനകൾ മുതലായതു പരിശോധിച്ചു റിപ്പോൎട്ടു ചെയ്വാൻ ഒരു ഉപകമ്മട്ടിയെ ഏൎപ്പെടുത്തിയവിവരം മേൽ പ്രസ്താവിച്ചുവല്ലൊ. ഉപകമ്മട്ടിക്കാരുടെ റിപ്പോൎട്ടു വരുത്തി അടുത്ത ആണ്ടത്തെ യോഗത്തിൽ തീരുമാനിച്ചശേഷം കൂട്ടനിബന്ധനകൾ രജിസ്തർ ചെയ്യുന്നതായാൽ അവയുടെ നടത്ത ആരംഭിക്കുവാൻ രണ്ടു വൎഷത്തിൽ കുറയാതെ സമയം വേണ്ടിവരുന്നു. ഇതു കുറെ ദീൎഘിച്ചുപോയിരിക്കുന്നു എന്നും ഏററവും സാരമായ ഈ സംഗതി ഉടനെ തന്നെ നടത്തേണ്ടതാണെന്നും മതിക്കപ്പെടുവാൻ തക്ക പല മഹാന്മാരും അഭിപ്രായപ്പെട്ടിരിക്കുന്നു. കൂട്ടനിബന്ധനകളെ പരിശോധിക്കുവാൻ നിയമിക്കപ്പെട്ട ഉപകമ്മട്ടിക്കാൎക്കു ഒരു അടുത്ത അവധി വച്ചു ഈ കൂട്ടനിബന്ധനകളുടെ പകൎപ്പുകൾ അയച്ചു അഭിപ്രായം വരുത്തി ഉടനെതന്നെ രജിസ്തർ ചെയ്താൽ കൊള്ളാമെന്നാണു പല യോഗ്യന്മാരുടെയും അഭിപ്രായം. അതിനാൽ അതിലെക്കു സംഘക്കാരിൽ

ആർക്കെങ്കിലും വിസമ്മതം ഉണ്ടെങ്കിൽ അറിയിച്ചാൽ കൊള്ളാമെന്നു സിമ്മനാരി അദ്ധ്യക്ഷൻ അവർകൾ ആഗ്രഹിക്കുന്നതിനാൽ ആ വിവരം പ്രസ്താവിച്ചു കൊള്ളുന്നു. അതിനാൽ വിസമ്മതമുള്ള സംഘക്കാർ വിവരം എഴുത്തുമൂലം അദ്ധ്യക്ഷനെ ഉടനെതന്നെ അറിയിപ്പാൻ കൂടെ അപേക്ഷിക്കുന്നു.

പാപത്തെ ജയിക്കുന്ന രഹസ്യം.

അഥവാ

ഒരു വെടിപ്പുള്ള ഹൃദയം (തുടർച്ച)

വിചാരദോഷത്താൽ ഹൃദയം അശുദ്ധപ്പെടുന്നതിനെക്കുറിച്ചു വ്യസനിച്ചു ഒരു ശുദ്ധ ഹൃദയത്തിനു വാഞ്ഛിക്കുന്നവർക്കു അതിനെ കൊടുപ്പാൻ ദൈവം എത്രയും ഒരുങ്ങിയിരിക്കുന്നു. താൻ നമ്മോടു കരുണയുണ്ടാകണമെന്നു നാം തന്നെ ഉണർത്തുന്നതിനു മുമ്പായി താൻ കരുണയുള്ളവനായി കാത്തിരിക്കയത്രെ. പിന്നെ നമ്മുടെ ആത്മാകൾ പലപ്പോഴും മരുഭൂമി പോലെയും ഉണങ്ങിയ വനം പോലെയും ഇരിക്കുന്നതു എന്തുകൊണ്ടു? ഹൃദയവെടിപ്പു എന്ന വാഴ്വു കിട്ടുന്നതിനു ഇടയിൽ തടസ്സം നമ്മിലത്രെ കിടക്കുന്നതു. ഹെസക്കിയേൽ ൧൪-ാം- വായിക്ക. അവിടെ പറയപ്പെടുന്നവർ ഇസ്രായേലിലെ ചില മൂപ്പന്മാർ ആകുന്നു. അവർ പുറത്തുള്ള വിഗ്രഹാരാധനക്കാർ അല്ലായിരുന്നു. അവർ ദൈവത്തിന്റെ ജനത്തിൽ ഉൾപ്പെട്ടവരത്രെ. അവർ താല്പര്യമായി ദൈവത്തെ അന്വെഷിപ്പാൻ വന്നു. അതുനന്നായി എങ്കിലും അവർ ആഗ്രഹിച്ച വാഴ്വു കിട്ടുന്നതിനു വല്ലാത്ത ഒരു തടസ്സം ദൈവം അവരിൽ കണ്ടു. അവർക്കു വിരോധമായി രണ്ടു കുറ്റം താൻ ചുമത്തി- "ഈ മനുഷ്യർ തങ്ങളുടെ വിഗ്രഹങ്ങളെ തങ്ങളുടെ ഹൃദയത്തിൽ നിർത്തി"- "തങ്ങളുടെ അകൃത്യത്തിന്റെ ഇടർച്ചയെ തങ്ങളുടെ മുഖത്തിനു മുമ്പാകെ വെച്ചു".

ഇതു എന്തു? ബാബെൽ അടിമ പുറജാതി വിഗ്രഹാരാധനയിൽ നിന്നു അവരെ സൌഖ്യമാക്കിയിരുന്നു. എന്നാൽ അവർ തങ്ങളുടെ വിഗ്രഹങ്ങളെ "തങ്ങളുടെ ഹൃദയത്തിൽ" നിർത്തി. ഇതു വിശ്വാസികൾ തന്നെ ഇന്നു ചെയ്യക്കാവുന്ന ഒരു പാപം ആകുന്നു. അതെ, പ്രാർത്ഥിക്കയും വിചാരത്തിൽ പാപം വരുന്നതിനെക്കുറിച്ചു വ്യസനിക്കയും കുറ്റങ്ങളെ ഏറ്റുപറകയും ചെയ്യും. എങ്കിലും ഹൃദയത്തിൽ വിഗ്രഹങ്ങളെ വെച്ചേക്കുന്നതു എളുപ്പമാകുന്നു.

എല്ലാവരുടേയും ഹൃദയത്തിൽ ഒരു സിംഹാസനം ഉണ്ടു. സിംഹാസനത്തിന്മേൽ ഇരിക്കുന്നതു എന്തോ അതാകുന്നു അന്നേരം സാക്ഷാൽ അധികാരി. അതു ദൈവം തന്നെ അല്ലെങ്കിൽ ഒരു വിഗ്രഹം ആകുന്നു. വളരെ ഭക്തിയും താല്പര്യവും ഉണ്ടായാലും ഹൃദയത്തിൽ

വിഗ്രഹം ഉണ്ടായിരിക്കാം. ഈ വിഗ്രഹം ഇരിക്കെ ആഗ്രഹിക്കുന്ന വാഴ്വു കിട്ടുകയില്ല.

“അവരുടെ അകൃത്യത്തിന്റെ ഇടർച്ച” കൂടക്കൂടെ ഉണ്ടാകുന്ന അവരുടെ ലംഘനങ്ങൾക്കു കാരണമായിരുന്നു. കൂടക്കൂടെ പാപവിചാരം ഹൃദയത്തിൽ കേറാതെ ഇരിപ്പാൻ വല്ല വഴിയും ഉണ്ടെങ്കിൽ അങ്ങിനെ ചെയ്യാത്തതു പാപത്തിനു സമ്മതിക്കയാകുന്നു. അതിനാൽ “ജഡത്തിനു അതിന്റെ മോഹങ്ങളെ നിവൃത്തിപ്പാൻ തക്കവണ്ണം ആഹാരം” ഉണ്ടാക്കയത്രെ ചെയ്യുന്നതു.

ഹൃദയശുദ്ധിക്കു വാഞ്ഛിക്കുന്നവർ തങ്ങളുടെ ഹൃദയങ്ങളെ ശോധന ചെയ്യട്ടെ. “ഇവരാൽ ഞാൻ അല്പമെങ്കിലും അന്വേഷിക്കപ്പെടാമൊ” എന്നു കർത്താവു പറയുന്നു. ഇല്ല എന്നു മനോസാക്ഷിയും പറയുന്നില്ലയൊ. “ഞാൻ എന്റെ ഹൃദയത്തിൽ അക്രമത്തെ പ്രമാണിക്കുന്നു എങ്കിൽ കർത്താവു കേൾക്കയില്ല”.

അതുകൊണ്ടു “ദൈവമായ കർത്താവു ഇപ്രകാരം പറയുന്നു. അനുതപിച്ചു നിങ്ങളുടെ വിഗ്രഹങ്ങളെ വിട്ടുതിരിവീൻ. നിങ്ങളുടെ എല്ലാ വെറുപ്പുകളിൽനിന്നു നിങ്ങളുടെ മുഖങ്ങളെ തിരിക്കയും ചെയ്യിൻ (ന്യൂ- വാ-)

ഹൃദയത്തിന്റെ അടപ്പു എടുത്തു പ്രാർത്ഥിച്ചാൽ വിശുദ്ധാത്മാവു അകത്തു പ്രവേശിച്ചു മുഴുവനായി ശുദ്ധീകരിക്കും. അങ്ങിനെ കർത്താവിനു മുഴുവനായി ഒഴിഞ്ഞുകൊടുത്ത താൻ കൂദാശ ചെയ്തു നമ്മിലും നാം തന്നിലും പാർക്കുന്നു എന്നുള്ളതിനെ ഹൃദയത്തിൽ സ്ഥിരമാകുന്നതുവരെയും ധ്യാനിക്കേണം. ഇതു ആദ്യം അനുഭവം തോന്നുക ഇല്ല എങ്കിലും ഹൃദയത്തിൽ സ്ഥിരപ്പെട്ടുവരുന്തോറും ശുദ്ധതയിൽ മുമ്പോട്ടു നടപ്പുണ്ടാകും. കണ്ടിട്ടു വിശ്വസിക്കയല്ല വിശ്വസിച്ചിട്ടു കാണുകയത്രെ വേണ്ടതു. വിചാരദോഷം പിന്നെയും ഹൃദയത്തിൽ ചിലപ്പോൾ ഉണ്ടാകുന്നു എന്നു കണ്ടാലും മടുക്കാതെ ആശ്രയിച്ചു കൊള്ളുന്നതു തന്നെ ആവശ്യം. ദാവീദിനു ശക്തി കൂടിക്കൂടിയും ശൌലിന്റെ കുഡുംബത്തിനു ശക്തി കുറഞ്ഞു കുറഞ്ഞും വരുന്നതു അനുഭവമായി കാണാം. ദാവീദു മുഴുവനായി ഭരിക്കും. കർത്താവിൽ എപ്പോഴും കിടന്നുകൊള്ളുന്നതും കർത്താവു അതിൽ പാർത്തുകൊള്ളുന്നതുമത്രെ വെടിപ്പുള്ള ഹൃദയം. ഇതാകുന്നു ശുദ്ധതയിൽ വളരുവാൻ ആഗ്രഹിക്കുന്ന എല്ലാവരും വേണ്ടിയതു. നാം എളിമിക്കുന്തോറും കർത്താവു ശക്തിയായി പ്രവൃത്തിക്കും. ഞാൻ തന്നിലും താൻ എന്നിലും എന്നതു നാം ദിവസവും ധ്യാനിക്കുന്തോറും തന്റെ സന്നിധി ഓർപ്പാൻ പ്രയാസമില്ലാതെ തഴമ്പായി വരും. അപ്പോൾ നാം ഓർപ്പാൻ ഓർക്കേണ്ടാ. വെയിലത്തു നിന്നാൽ ഓർക്കാതെ ചൂടു സ്പർശനമായിരിക്കും. (തുടരും)



വിദ്യാഭ്യാസം (തുടൎച്ച)

യാ. സൂ. സാ. സമ്മേളനത്തിൽ, വക്കീൽ രാ. രാ. ജ. ജെ. ജോൺ
ബി. എ. ബി. എൽ. അവൎകൾ പറഞ്ഞ പ്രസംഗം.

ലോകത്തിലുള്ള സകല മാൎഗ്ഗങ്ങളും അവയുടെ ശാഖകളും പട്ടക്കാർ അല്ലെങ്കിൽ വൈദികന്മാർ ഉള്ളവയാണ. പലപല ജോലികളിൽ പ്രവൎത്തിക്കേണ്ടവരായ ജനസാമാന്യത്തെക്കാൾ ചില പ്രത്യേക സംഗതികളെ പരിശീലിക്കുന്നതിന്ന സമയവും സൌകൎയ്യവും വാസനയും ഉണ്ടായിരിക്കുന്നതിനാൽ അവയിൽ പ്രത്യേക പാണ്ഡിത്യം ഉള്ളവരായി പൊതുവിൽ അതതു കാലങ്ങളിൽ അംഗീകരിക്കപ്പെട്ടുന്നവരാണ ഓരോ ജനസമുദായത്തിന്റെയും മതങ്ങളുടെയും ശൈശവാവസ്ഥയിൽ പട്ടക്കാരുടെ പ്രവൃത്തി ചെയ്തുവന്നതു. കാലക്രമേണ പല കാരണങ്ങളാൽ ഇവർ ഒരു പ്രത്യേകവൎഗ്ഗമായിതീരുകയും ഇവരുടെ വൈദികവൃത്തിക്കുള്ള യോഗ്യത ദൈവത്തിൽ നിന്നുള്ള ആശീൎവ്വാദം മൂലം ലഭിക്കപ്പെടുന്നതായി എണ്ണപ്പെട്ടു വരികയും ആണ പതിവു. ഇതിനോടുകൂടി ഇവരുടെ ശക്തിയും ജനസമ്മതവും വളരെമടങ്ങു വൎദ്ധിക്കയും ചെയ്യും. ക്രിസ്തുവിന്റെ സമയത്തും അതിനോടടുത്തും വൈദികന്മാരുടെ നിലയിൽ ആയിരുന്ന അപ്പോസ്തോലന്മാരെയും ശിഷ്യന്മാരെയും അവരുടെ സ്ഥാനാരോഹണത്തിനായുള്ള കൎമ്മാദികളെയും ഇപ്പോൾ അവരുടെ സ്ഥാനത്തിൽ ഇരിക്കുന്ന പാത്രിയൎക്കീസന്മാരോടൊ പാപ്പാമാരോടൊ താരതമ്യപ്പെടുത്തി നോക്കിയാൽ പ്രത്യക്ഷമാകുന്നതാണ. പട്ടക്കാരുടെ മാനവും ബലവും അവരിൽ വിശേഷ വിധിയായ ചില മാഹാത്മ്യങ്ങൾ ഉണ്ടെന്നുള്ള വിശ്വാസത്തിൽനിന്ന ജനസാമാന്യത്തിന്ന അവരെപ്പറ്റി ജനിക്കുന്ന ഭയഭക്തി സ്നേഹബഹുമാനങ്ങളെ ആശ്രയിച്ചിരിക്കുന്നതാണെന്ന പറഞ്ഞുവല്ലൊ. ഈ മാഹാത്മ്യങ്ങളിൽ പ്രധാനമായവ ബുദ്ധിക്കും സ്വഭാവത്തിന്നും ഉള്ള വികസിപ്പും നിൎമ്മലതയും ആണ. തങ്ങളുടെ അധികാരം ഭംഗം വരാത്തതാണെന്നുള്ള ഭ്രമംകൊണ്ടോമറ്റൊ ഏതെങ്കിലും മതത്തിലെ വൈദികന്മാർ തങ്ങളാൽ ഭരിക്കപ്പെടേണ്ടവരെക്കാൾ ഈ സംഗതികളിൽ അസാമാന്യത്വം ഇല്ലാത്തവരായി ഭവിച്ചാൽ അവരുടെ അധഃപതനത്തിന്ന കാലതാമസം ഉണ്ടാകയില്ലെന്നുള്ളതു ചരിത്രത്തിൽനിന്നും നിഷ്പ്രയാസെന നമുക്ക ഗ്രഹിക്കാം. ഇതിന്ന ഒരു ഉദാഹരണം മാത്രം പറയാം. ഈജിപ്ത ദേശത്തിലെ ആചാൎയ്യന്മാൎക്ക ആദികാലങ്ങളിൽ ഉണ്ടായിരുന്ന പ്രബലമായ പ്രാധാന്യതയുടെ കാരണം ആത്മീകമായും ലൌകികമായും ഉള്ള എല്ലാ വിഷയത്തിലും അവൎക്കുണ്ടായിരുന്ന അപരിമിതമായ പാണ്ഡിത്യം മാത്രമായിരുന്നു. കാലക്രമേണ ഇവർ അറിവിൽ വൎദ്ധനവു പ്രാപിക്കാതെ ഇരിക്കയും ഇവരാൽ ഭരിക്കപ്പെടേണ്ടവർ എല്ലാവിഷയങ്ങളിലും മുമ്പോട്ടു ഗമിക്കയും ചെയ്കയാൽ വൎത്തമാനകാലത്തിൽ ഈജിപ്തിലെ പട്ടക്കാരെ ആവശ്യത്തിന്ന ഉതകാത്ത ചില അഭിപ്രായങ്ങളോടും കഥയില്ലാത്ത ചില നിൎബ്ബന്ധങ്ങളോടും കൂടിയ ഒരു വക

കാഴ്ചപ്പദാൎത്ഥങ്ങളായി മാത്രം ഗണിക്കപ്പെട്ടുവരുന്നു. ഈ ശോചനീയമായ അവസ്ഥ നമ്മെയും ബാധിക്കാതെ ഇരിക്കുന്നതിനു വേഗം ഉററു ശ്രമിക്കേണ്ടതാണ. നമുക്കു നല്ല പരിചയമുള്ള ഒരു കാൎയ്യത്തെപ്പററി ഭോഷത്വം ഒട്ടു ധാരാളം സംസാരിക്കുന്ന ഒരാളിനെപ്പററി ആകപ്പാടെ നമ്മിൽ ഹാസ്യരസം ജനിക്കുന്നതാണല്ലൊ. അപ്രകാരം തന്നെ സുറിയാനിക്കാരുടെ ഇടയിൽ ഇംഗ്ലീഷ വിദ്യാഭ്യാസത്തിനു അസാധാരണമായ പ്രചാരമുണ്ടായിക്കൊണ്ടിരിക്കുന്ന ഈ കാലത്തിൽ ലോകത്തിലെ മിക്കസംഗതികളെപ്പററിയും അറിവില്ലാതെയിരിക്കുന്ന നമ്മുടെ ആത്മീക ഗുരുക്കന്മാർ നമ്മുടെ വിശുദ്ധമാൎഗ്ഗത്തെപ്പററിയെങ്കിലും സാരമായി ഉപദേശം ചെയ്യാലും കഥയില്ലെന്നു വിചാരിച്ചുകളയുക പതിവായി ഞാൻ കണ്ടുവരുന്നുണ്ടു. ലോകസമ്പ്രദായത്തെ ധിക്കരിക്കുന്നതിനു നല്ല ധൈൎയ്യമില്ലാത്തതിനാലും അത്ര പ്രശംസനീയങ്ങളല്ലാത്ത വേറെയും ചില കാരണങ്ങളാലും നമ്മുടെ പട്ടക്കാരോടു ആദരവു ഭാവിക്ക നമുക്കു എല്ലാവൎക്കും ഉള്ള സ്വഭാവമാണെങ്കിലും, നമ്മുടെ ഹൃദയങ്ങളുടെ അന്തൎഭാഗങ്ങളിലെ സത്യം പറയുന്നതായാൽ ഒരു വിധം വിദ്യാഭ്യാസം ഉള്ളവർ ഹൃദയപൂൎവ്വമായും സത്യമായും ബഹുമാനിക്കുന്ന പട്ടക്കാർ തുലോം ചുരുക്കമാണെന്നു വെളിപ്പെട്ടുമെന്നാണ എന്റെ വിശ്വാസം.

ഇവരെയും ഇവരിൽ നിന്നു പുറപ്പെടുന്ന സകലത്തെയും നിഷ്പ്രയാസേന പുഛിക്കുന്നതിനു വെറും മൂഢനു കൂടി ധൈൎയ്യം തോന്നുന്ന സമയം വരാതെ ഇരിക്കാനായി നമ്മുടെ സഭയുടെ ഭാവിശ്രേയസ്സിനെപ്പററി കാംക്ഷയുള്ള എല്ലാവരും നല്ലപോലെ ശ്രമിക്കണം. പട്ടക്കാരുടെ വിദ്യാഭ്യാസത്തിൽ ഇപ്പോൾ ഉള്ളതിൽ അല്പം കൂടി ശ്രദ്ധ വയ്ക്കേണ്ട സംഗതികളെപ്പററി അല്പം പ്രസ്താവിക്കാം.

(എ) ഇംഗ്ലീഷഭാഷ—ഈ ഭാഷ പഠിച്ചവൻ കഥയില്ലാത്തവനായാലും എന്തോ ചില കഥയുള്ളവനായി ഗണിക്കപ്പെടുന്ന കാലമാണിതു. ഇംഗ്ലീഷ ഭാഷ പഠിച്ചാൽ ലോകത്തിലുള്ള സകല വിധ അറിവിന്റെയും താക്കോൽ ലഭിക്കുന്നതിനോടു സമമാണ. കുറഞ്ഞാൽ മെട്രിക്കുലേഷ്യൻ പാസാകാതെ പട്ടം കൊടുക്കയില്ലെന്നുള്ള നിബ്ബന്ധം നടപ്പാക്കാവുന്ന സമയം വരുന്നതിനായി ഞാൻ സദാ ആഗ്രഹിച്ചുകൊണ്ടിരിക്കയാണ.

(ബി) സുറിയാനിഭാഷ അല്പം പ്രായമായിട്ടെ ആരംഭിക്കാവൂ. പത്തും പന്ത്രണ്ടും സംവത്സരങ്ങൾ തെക്കും വടക്കും അറിയാതെ ഗ്രമത്തിയും ഏവൻഗേലിയും ഉരുവിടുന്നതിനായി ചിലവിടുന്നസമയം, ഇംഗ്ലീഷിനായി ചിലവിട്ടു ബുദ്ധിക്കു കുറെ വികസിപ്പു വന്നതിന്റെ ശേഷം ഒന്നോ രണ്ടോ വൎഷം സുറിയാനിക്കായിട്ടു ചിലവഴിച്ചാൽ ധാരാളം മതിയാകുമെന്നു വന്ദ്യന്മാരായ പല പട്ടക്കാരും സമ്മതിച്ചിട്ടുണ്ടു. നമസ്കാരം, കുൎബ്ബാനക്രമം മുതലായി ശുശ്രൂഷക്രമങ്ങൾ അല്പമായി ചെറുപ്പം മുതലെ പരിശീലിക്കുന്നതിനും വിഷമമില്ലല്ലൊ. മനഃപാഠം വരുത്തുക പ്രാപ്തിയായതിന്റെ ശേഷം എളുപ്പമല്ല. വേദപുസ്തകത്തെപ്പററിയുള്ള വ്യാഖ്യാനങ്ങൾക്കും മററും സുറിയാനിയിൽ പത്തായിരം

വൎഷങ്ങൾക്കു മുമ്പു വളരെ വിശേഷതരങ്ങളായി ഗണിക്കപ്പെട്ടിരുന്നവയെന്നിരുന്നാലും കാലോചിതമായ പരിഷ്കാരങ്ങളോടു കൂടാത്ത ചുരുക്കം ചില സുറിയാനി പുസ്തകങ്ങളിൽ ആശ്രയിക്കാതെ നമ്മുടെ മതത്തെപ്പററി ഭക്തിയും ധാരണയും ധാരാളം ഉള്ള മല്പാന്മാരാൽ ആവശ്യമുള്ള മാററങ്ങളോടു കൂടി ഇംഗ്ലീഷു പുസ്തകങ്ങളിൽ നിന്നും ഇവയെ പഠിപ്പിക്ക ഏററവും ഉചിതമായിരിക്കുമെന്നു തോന്നുന്നു.

(സി) സന്മാൎഗ്ഗതത്വങ്ങളും അവയെ പററി പ്രതിവാദിക്കുന്ന ശാസ്ത്രവും പട്ടക്കാൎക്കു പ്രത്യേകം ആവശ്യമാണെന്നു എല്ലാവരും സമ്മതിക്കേണ്ടതാണെല്ലൊ. അവരുടെ ചുമതലകളിലെക്കും മുഖ്യം നമ്മെ സന്മാൎഗ്ഗവഴികളിലെക്കു ഗുണദോഷിക്കയാണല്ലൊ. ഗുണദോഷങ്ങളെപ്പററിയുള്ള അഭിപ്രായം ഓരോകാലം ചെല്ലുംതോറും ഉയൎന്നും ശുദ്ധമായുമാണ വരുന്നതു എന്നു പ്രത്യക്ഷമാണ. ഇസ്രായെൽക്കാരുടെ മിസ്രയിമിൽനിന്നുള്ള പുറപ്പാടുസമയത്തുണ്ടായിരുന്നവരിലെക്കും ജ്ഞാനിയായ മോശയുടെ വലിയ ജ്ഞാനമുള്ള കല്പനകളിൽ നമ്മോടു ദോഷം ചെയ്യുന്നവനോടു പ്രതിപകരം അതുപോലെ ചെയ്യുന്നതു കുററകരമല്ലെന്നു കാണുന്നുണ്ടല്ലൊ. മനുഷ്യബുദ്ധിയുടെ ഫലങ്ങളിലെക്കു പ്രഥമഗണനീയമായി വിചാരിക്കപ്പെടുവാൻ പല അവകാശങ്ങൾ ഉള്ള ദാവീദിന്റെ സങ്കീൎത്തനങ്ങളിൽ അദ്ദേഹത്തിന്റെ ശത്രുക്കൾക്കു വിരോധമായി സൈന്യങ്ങളുടെ ദൈവമായ യഹോവായുടെ സഹായത്തെ അപേക്ഷിച്ചിരിക്കുന്നതും ശത്രുക്കളെ സ്നേഹിക്കണമെന്നും ദോഷത്തോടു നേരിടരുതെന്നും വലത്തെ കവിളിൽ അടിക്കുന്നവനു മറെറതും കാണിക്കണമെന്നും ക്രിസ്തു കല്പിച്ചിരിക്കുന്നതും തമ്മിൽ എന്തെന്തു വ്യത്യാസം ഉണ്ടു. എന്നാൽ കാലാനുസരണമായ ദാവീദിന്റെ സങ്കീൎത്തനം എത്രയൊ ശുദ്ധവും നിൎമ്മലവും ആകുന്നു അതിനാൽ നമ്മുടെ വൈദികന്മാരും അവൎക്കു കഴിയുന്നിടത്തോളം ശ്രേഷ്ഠതരമായ സന്മാൎഗ്ഗതത്വങ്ങളെ ഗ്രഹിച്ചു അവയെപ്പററി പ്രസംഗിക്കുന്നതിനു ശക്തന്മാരാകുന്നതിനുവേണ്ടി ഇംഗ്ലീഷുവിജ്ഞാനികളുടെ പുസ്തകങ്ങളെ പഠിക്കേണ്ടതു എത്രയും ആവശ്യമാണ. നമ്മുടെ ദൃഷ്ടിയിൽ അത്രനല്ല തത്വമെന്നു തോന്നാത്തതിനെ അവർ വളരെ ഗൌരവഭാവത്തോടുകൂടി നമ്മോടു പ്രസംഗിക്കയും നമ്മിൽ പലരും കേൾക്കയും മനസ്സറിയാതെപുഞ്ചിരി ഇട്ടുപോകയും ചെയ്യുകാണുമായിരിക്കും. ഗ്രന്ഥം കരത്തിൽ ഉണ്ടായാൽ മതിയല്ല ചന്തത്തിൽ അൎത്ഥം ഗ്രഹിച്ചെ ഫലം വരൂ ശാസ്ത്രം ഗ്രഹിച്ചതുകൊണ്ടും മതിയല്ല ശാസ്ത്രോക്തം ആചരിക്കാതെഫലം വരാ എന്നുണ്ടല്ലൊ. എത്രയൊ വിശേഷമായ തത്വങ്ങൾ നാം അറിഞ്ഞിരുന്നാലും അവയെ പ്രവൃത്തിയിൽ ആക്കുന്നതിനു കഴിയാതിരുന്നാൽ എന്താണഫലം. അഭിപ്രായങ്ങളും പ്രവൃത്തികളും തമ്മിൽ ഉള്ള സംബന്ധങ്ങളെയും അഭിപ്രായങ്ങൾക്കു അനുസരണമായി പ്രവൃത്തിക്കുന്നതിനുള്ള സഹായമാൎഗ്ഗങ്ങളെയും വിഷമങ്ങളെയും മററും പററിയുള്ള [സൈക്കോളജി] എന്ന മനോശാസ്ത്രത്തിന്റെ ഉപയോഗം എല്ലാവൎക്കും വിശിഷ്യ പട്ടക്കാൎക്കും അനിവാൎയ്യമാണ്.

നാഴികമണി പൊളിച്ചു അതിന്റെ യന്ത്രം കണ്ടു മണി അടിക്കുന്നതിന്റെയും നടക്കുന്നതിന്റെയും കാരണം നാം മനസ്സിലാക്കുന്നതുപൊലെ ഈ ശാസ്ത്രംമൂലം നമ്മുടെ ഓരോ പ്രവൃത്തികളും പല പല വികാരങ്ങളുടെയും ആഗ്രഹങ്ങളുടെയും ഫലങ്ങളാകുന്നു എന്നും ഇവയെ ശരിയാക്കേണ്ടതു ഇന്ന വിധത്തിലാണെന്നും നമുക്കു അറിയാം. ശരീരത്തെ ശരിയായി പാലിക്കുന്നതിന്നു വൈദ്യനു പ്രത്യേകം ശരീരശാസ്ത്രം ആവശ്യമായിരിക്കുന്നതുപൊലെ മനോശാസ്ത്രം മനസ്സിനും അത്യന്തം ഉപയുക്തമാകുന്നു. അതു ആത്മാവിന്റെ ജീവനാണു്.

(തുടരും)

അന്ത്യോഖ്യാ സഭ.

ക്രിസ്ത്യാനിസഭയുടെ മാതാവു എന്നു പറയപ്പെടുവാൻ ഉള്ള അവകാശം യെറുശ്ലേമിലെ സഭയ്ക്കാണെങ്കിലും പുറജാതിയിൽനിന്നു ചേർന്ന ക്രിസ്ത്യാനിസഭകളുടെ മാതൃസ്ഥാനം വഹിച്ചതു അന്ത്യോഖ്യായായിരുന്നു. ക്രിസ്തുവിൻ ശിഷ്യന്മാർ പ്രശംസയായി വഹിച്ചുവരുന്ന ക്രിസ്ത്യാനി എന്ന പേരിന്റെ ഉത്ഭവം ഇവിടെ നിന്നാണല്ലൊ.

അപ്പോസ്തോല തലവനായ പത്രോസ ഇവിടത്തെ ഒന്നാമത്തെ മേല്പട്ടക്കാരൻ ആയിരുന്നു എന്നുള്ളതു സർവ്വ ക്രിസ്ത്യാനികളും സമ്മതിക്കുന്ന കാര്യമാകുന്നു. അതിനാൽ അന്ത്യോഖ്യാ മേല്പട്ടക്കാർ പത്രോസിന്റെ പിന്തുടർച്ചാവകാശികളായും വിചാരിക്കപ്പെടുന്നു. ശ്രുതമുള്ള പൌലൊസ തന്റെ സുവിശേഷ യാത്രകൾക്കു മൂലസ്ഥാനമായി വച്ചതും അന്ത്യോഖ്യാ പട്ടണമായിരുന്നു സുവിശേഷം യൂറോപ്പിൽ ആദ്യം പ്രസംഗിച്ചതു അന്ത്യോഖ്യായിൽനിന്നു അയക്കപ്പെട്ട പൌലോസിനാൽ ആയിരുന്നതിനാൽ പാശ്ചാത്യ സഭയുടെ മാതാവു അന്ത്യോഖ്യാ തന്നെ ആയിരുന്നു. കിഴക്കെ ദേശങ്ങളിൽ സഭയുടെ പ്രചാരം ഉണ്ടായതു അന്ത്യോഖ്യർ മൂലമായിരുന്നു എന്നുള്ളതു സർവ്വസമ്മതവും ആണല്ലൊ. എന്തെന്നാൽ കിഴക്കിന്റെ വലിയ ഉപദേഷ്ടാക്കന്മാരായിരുന്ന ആദായി, മാറി മുതലായ പിതാക്കന്മാർ ഏറാക്കുറെ അന്ത്യോഖ്യായെ ആശ്രയിച്ചവർ ആയിരുന്നു. കേസറിയാ, വലിയ കാസോലിക്കായുടെ ആസ്ഥാനമായിരുന്ന സെലൂക്യാ, ഉറഹാ, ദമസ്കൊസ, ത്തൂർ മുതലായ പ്രധാന സ്ഥലങ്ങളിൽ ആദ്യകാലത്തുതന്നെ സഭകൾ വർദ്ധിച്ചു ബലപ്പെട്ടതു അന്ത്യോഖ്യായിൽ നിന്നായിരുന്നതിനാൽ ഈ മഹാ ഇടവകകൾ ക്രിസ്ത്യാനികൾ എന്ന പേരിന്റെ ഉത്ഭവസ്ഥാനമായ അന്ത്യോഖിലെ മേല്പട്ടക്കാരന്റെ മേലദ്ധ്യക്ഷതയെ ആരംഭത്തിലെ അനുസരിച്ചു പൊന്നിരുന്നു. എന്നാൽ കിഴക്കു ഒക്കെയും മേലദ്ധ്യക്ഷനായി അന്ത്യോഖ്യാ മേല്പട്ടക്കാരനെ മുറയ്ക്കു സ്ഥിരപ്പെടുത്തിയതു നിഖ്യാ സുന്നഹദോസിൽ വച്ചായിരുന്നു.

മിശിഹായിൽ ഉള്ള ഭക്തിവൈരാഗ്യത്തെക്കുറിച്ചു ചിന്തിച്ചാൽ അന്ത്യോഖ്യാ സഭ അനേകം സഹദേന്മാരേയും പണ്ഡിതന്മാരെയും ജനിപ്പിച്ച സ്ഥലമാണെന്നു പറയണം. ആദ്യ മേലദ്ധ്യക്ഷന്മാരിൽ ഒരാളായ ശു: ഇഗ്നാത്യോസ നൂറൊനൊ(യേശു കയ്യിൽ എടുത്തു അനുഗ്രഹിച്ച ശിശു) റൊമ്മായിലെ സിംഹങ്ങൾക്കു ഇരയായിതീൎന്നു. മക്ക്യാൻ എന്ന എടത്തൂട്ടുകാരനൊടു പോരാടിയ പ്രസിദ്ധനായ ശു: തിയോപ്പിലാസും മൊന്താനൂസ എന്ന വേദവിരോധിയിൽ നിന്നു സഭയെ രക്ഷിച്ച ശു: സെറാപ്പിയൂനും കൎത്താവിനെപ്രതി വിലങ്ങിൽ കിടന്നു മരിച്ച ശു: ആലക്സന്ത്രയോസും രക്തസാക്ഷിയായ ബാബൂലൊസും അന്ത്യോഖ്യായിലെ പ്രസിദ്ധപ്പെട്ട സൂനാദോസു നടത്തിയ ശു: ദെമെത്രിയൂസും അന്ത്യോഖ്യാ സിംഹാസനത്തിലെ പ്രസിദ്ധ ഇടയന്മാരും രക്തസാക്ഷികളും ശാസ്ത്രികളും ആയിരുന്നു. ഇവരുടെ ശേഷം ശ്മിസ്സായക്കാരൻ പൌൽ എന്നൊരു എടത്തൂട്ടുകാരന്റെ ഭരണം അല്പകാലത്തേക്കു ഈ ശുദ്ധ: സിംഹാസനത്തെ കലക്കിയെങ്കിലും അവൻ സൂനാദോസിനാൽ തള്ളപ്പെട്ടുകയും സത്യവിശ്വാസിയായ ദൂമ്മാനോസ പാത്രിയക്കാ സ്ഥാനത്തു പ്രവേശിച്ചതിനോടുകൂടി അന്ത്യോഖ്യാ സിംഹാസനം വീണ്ടും പൂൎവ്വ സ്ഥിതിയിൽ ശുദ്ധീകരിക്കപ്പെട്ടുകയും ചെയ്തു. പിന്നെ കുറീലോസ എന്നൊരു പിതാവു പാത്രിയക്കാ സ്ഥാനത്തിൽ ഇരിക്കുമ്പോൾ റോമ്മാ കെസറന്മാരാൽ നടത്തപ്പെട്ട പീഡകളിൽ വച്ചു ഏറ്റവും ഭയങ്കരമായ ൧൦-ാമത്തെ പീഡ ഉണ്ടാകയും അതിൽ വച്ചു അന്ത്യോഖ്യാസഭ അനേകായിരം രക്തസാക്ഷികളെ ജനിപ്പിക്കയും ചെയ്തു- ൩൦൩-ാമാണ്ടു ആരംഭിക്കയും ൩൧൩-ൽ മൈലാന ചക്രവൎത്തി സമാധാന വിളംബരം പ്രസിദ്ധപ്പെടുത്തുന്നതുവരെ നിലനില്ക്കയും ചെയ്ത ഈ ഭയങ്കരപീഡകാലത്തു അന്ത്യോഖ്യാ ഇടവകയിൽ കൎത്താവിനെക്കുറിച്ചു ജീവനെ ഏല്പിച്ചുകൊടുത്ത സഹദേന്മാരുടെ എണ്ണം അല്പമൊന്നുമല്ല.

മെല്പറഞ്ഞ സമാധാനവിളംബരശേഷം കുസ്തന്തിനൊസ രാജാവിന്റെ മനസ്സുതിരിവും നിഖ്യാ സൂനാദൊസും അന്ത്യോഖ്യാ സഭയ്ക്കു കുറെ കാലത്തേക്കു സമാധാനം വരുത്തി- കിഴക്കും പടിഞ്ഞാറും ഒരുപോലെ കീൎത്തിയും സമ്മതവും മുളപ്പിപ്പാൻ തക്കവണ്ണം ഭക്തന്മാരും വിദ്വാന്മാരും പണ്ഡിതന്മാരുമായിരുന്ന പാത്രിയക്കീസന്മാരാൽ ഈ കാലത്തു അന്ത്യോഖ്യാ ഭരിക്കപ്പെട്ടു- ആ കാലത്തു അൎമ്മേനിയായിലെ രാജവംശത്തിൽ ഒരാളായിരുന്ന ഗ്രെഗൊറിയോസ എന്നവൻ ക്രിസ്ത്യാനി വേദം കൈക്കൊള്ളുകയും അന്ത്യോഖ്യാ വഴിയായി മേല്പട്ട സ്ഥാനം സ്വീകരിച്ചു അൎമ്മേനിയായിൽ സഭ സ്ഥാപിക്കയും ചെയ്തു-

൩൪൭-ാമാണ്ടിടയ്ക്കു അറിയൊസ ഇടത്തൂട്ടു മുളച്ചതിനൊടുകൂടി അന്ത്യോഖ്യാസഭ വളരെ കഷ്ടനഷ്ടങ്ങൾ അനുഭവിക്കേണ്ടിവന്നു. അന്നു അന്ത്യോഖിൽ മേല്പട്ടസ്ഥാനം വഹിക്കയും നിഖ്യാസൂനാദൊസിൽ അഗ്രാസനാധിപത്യം നടത്തുകയും ചെയ്ത ശു: ഒസ്താത്തിയൊസ അറിയൊസുകാരുടെ പീഡകളെ വളരെ സഹിക്കേണ്ടിവന്നു- ഈ പരി

ശുദ്ധനെക്കുറിച്ചു ശുദ്ധ: യെറൊം എഴുതിയിരിക്കുന്നതു „അറിയൊസിന്റെനെരെ അത്ര്യം യുദ്ധശബ്ദം പുറപ്പെടുവിച്ച പ്രതിധ്വനിക്കുന്ന കാഹളം” എന്നാകുന്നു. അറിയൊസുകാരുടെ ശക്തിയും സ്വാധീനവും മൂലം ഇദ്ദെഹം നാടു കടത്തപ്പെടുകയും ആസ്ഥിതിയിൽ മരണം കൈക്കൊള്ളുകയും ചെയ്തു. അതുമുതൽ ൩൦ വൎഷത്തൊളം അന്ത്യൊക്ക്യായിലെ പ്രധാനപള്ളി അറിയൊസുകാരുടെ കൈവശം അകപ്പെട്ടിരുന്നു അന്നും ശുദ്ധ പാത്രിയൎക്കീസായി ഒരാൾ വാഴിക്കപ്പെട്ടിരുന്നു എങ്കിലും അദ്ദെഹം പള്ളിയും ജനവും കൈവശമില്ലാതെ നാമമാത്രമായി ജീവിക്കെണ്ടിവന്നു. എങ്കിലും സത്യവിശ്വാസം കിഴക്കു മാഞ്ഞുപൊകുവാൻ ഇടയായില്ല. നിസീബിന്റെ മാർ യാക്കൊബ മാർ അപ്രെം മുതലായവർ കിഴക്കു സത്യവിശ്വാസത്തെ കെടാതെ സൂക്ഷിച്ചിരുന്നു.

സത്യവിശ്വാസികൾ അറിയൊസുകാരെ ഇല്ലാതാക്കുവാൻ വളരെ ശ്രമം ചെയ്തുവന്നിരുന്നു എങ്കിലും രാജസ്വാധീനം അറിയൊസുകക്ഷികൾക്കായിരുന്നതിനാൽ എളുപ്പത്തിൽസാധിച്ചില്ല. സത്യവിശ്വാസിയായ ശു: മെലെത്തുസ പാത്രിയൎക്കാസ്ഥാനത്തിൽ നിയമിക്കപ്പെട്ടു. ഇതു മഹാ പ്രസിദ്ധന്മാരായ മെല്പട്ടക്കാരുടെ ഒരു കാലമായിരുന്നു. ഊർശ്ലെമിൽ മാർ ക്കുറിലൊസ്സും കെസറിയായിൽ മാർ ബസെലിയൊസ്സും, നൂസായിൽ മാർ ഗ്രീഗൊറിയൊസും ഭരിച്ചിരുന്നു. എങ്കിലും തലസ്ഥാനമായ അന്ത്യൊഖിൽ സത്യപാത്രിയൎക്കാ സ്ഥാനം വഹിച്ചിരുന്ന മാർ മെലെത്തുസ അന്ത്യൊക്ക്യാ മെലദ്ധ്യക്ഷന്മാരിൽ ഉന്നതന്മാരിൽ ഒരുവനായിരുന്നിട്ടും അറിയൊസ്സ എടത്തൂട്ടുകാരുടെ പ്രാബല്യം മൂലം സ്വാതന്ത്ര്യമില്ലാത്തവനായി ജീവിക്കെണ്ടിവന്നു. ഇദ്ദെഹം മൂന്നു പ്രാവശ്യം നാടു കടത്തപ്പെട്ടു. കുസ്തന്തിനൊപ്പൊലിസിലെ പൊതു സൂനഹദൊസിൽ ഇദ്ദെഹം അഗ്രാസനാധിപത്യം വഹിച്ചു. സൂനഹദൊസു അവസാനിക്കുന്നതിനു മുമ്പു അദ്ദെഹം അവിടെ വച്ചു മരിക്കയും ചെയ്തു.

പിന്തുടൎച്ചയായി സിംഹാസനാരൊഹണം ചെയ്യപ്പെട്ട സത്യവിശ്വാസിയായ പാത്രിയൎക്കീസ മാർ പ്ലബിയാനൊസായിരുന്നു. ഇദ്ദെഹവും ശത്രുക്കളുടെ പീഡകൾക്കു പാത്രിഭവിച്ചു എങ്കിലും, ജനനം, വിദ്യാഭ്യാസം, കശ്ശീശ്ശുസ്ഥാ, ഈ വിഷയങ്ങളിൽ അന്ത്യൊക്ക്യനായിരുന്ന ശെഷം കുസ്തന്തിനൊസപൊലിസിലെ പാത്രിയൎക്കാസ്ഥാനത്തിൽ ആരൊഹണം ചെയ്യപ്പെട്ട സ്വൎണ്ണനാവുള്ളവൻ എന്നു വിളിക്കപ്പെടുന്ന ശുദ്ധ ഈവാനിയൊസിന്റെ സഹായംകൊണ്ടു ൩൭൦-ാമാണ്ടിനു അല്പം മുമ്പു അന്ത്യൊക്ക്യായിൽ അറിയൊസിന്റെ പ്രാബല്യത നശിച്ചു സത്യവിശ്വാസം യഥാസ്ഥാനപ്പെട്ടു.

അനന്തരം ൪൨൯-ാമാണ്ടിടയ്ക്കു അന്ത്യൊക്ക്യാസിംഹാസനത്തുമെൽ ഉയൎത്തപ്പെട്ട യൊഹന്നാൻ പാത്രിയൎക്കീസ ആ കാലത്തെ വൈദികന്മാരിൽ വച്ചു ഒരു മഹാ പ്രസിദ്ധനും യൊഗ്യനുമായിരുന്നു. നെസ്തൊറിന്റെ ഇടൎച്ചയും അതിനെ അമൎത്തുവാൻ ഉണ്ടായ എപ്പെസൂസിലെ പൊതു സൂനഹദൊസും ഇദ്ദെഹത്തിന്റെ കാലത്തായിരുന്നു.

മിശിഹായിൽ രണ്ടാളും രണ്ടിഷ്ടവും എന്ന ഒരു പുതിയ ദുരുപദേശം നെസ്തോർ പുറപ്പെടുവിച്ചു- തന്റെ ദൈവത്വത്തിന്റെ ശക്തിയെ കുറയ്ക്കത്തക്കവണ്ണം വാഴ്ത്തപ്പെട്ട കന്യാസ്ത്രീയെ ദൈവമാതാവു എന്നു വിളിപ്പാൻ പാടില്ലാത്ത പ്രകാരം നെസ്തോർ അഭിപ്രായപ്പെട്ടു- കിഴക്കിന്റെ കാസൊലിക്കാ നെസ്തോർ ഉപദേശത്തെ സ്വീകരിച്ചുംകൊണ്ടു പെർഷ്യാ രാജാക്കളുടെ സഹായത്തിന്മേൽ തന്റെ മേലദ്ധ്യക്ഷനായ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരത്തെ ധിക്കരിച്ചു കാതൊലിക്കാ പാത്രിയർക്കീസ എന്ന പേർ എടുത്തു-

തുടരും.

വേദപുസ്തക തർജ്ജിമ.

ശുദ്ധ വേദപുസ്തകം മലയാളത്തിലെക്കു ഒന്നാ ചെയ്ത തർജ്ജിമ ബുക്കാനാൻ സായ്പിന്റെ ആലോചന പ്രകാരം പകലൊമററം തറവാട്ടിലെ വലിയ മാർ ദീവന്നാസ്യോസ മെത്രാപ്പോലീത്താ അവർകളുടെ ദൃഷ്ടിയിൻ കിഴ കായംകുളത്തു പീലിപ്പോസ് റമ്പാച്ചൻ ചെയ്ത നാലു സുവിശേഷങ്ങൾ ആയിരുന്നു. അതു ബുക്കാനാൻ സായ്പിന്റെ താല്പര്യത്തിന്മേൽ ബൊമ്പായിൽ വച്ചു അച്ചടിപ്പിച്ചു മലങ്കര പല പള്ളികളിലും അയക്കപ്പെട്ടിരുന്നു. ഇതു സുറിയാനി പ്ശീത്തായുടെ ശരിയായ തർജ്ജിമയായിരുന്നു. ഭാഷ അന്നത്തെ മട്ടിൽ സുറിയാനി പട്ടക്കാരുടെ ഒരുവക വൈദികമലയാള രീതിയായിരുന്നതുകൊണ്ടു ഇന്നത്തെ പരിഷ്കാരമട്ടിനു ഒട്ടും യോജിക്കുന്നതല്ല. പിന്നീടു ബെയിലി സായ്പിന്റെ കാലത്തു ഇംഗ്ലീഷിൽ നിന്നു വേദപുസ്തകം മുഴുവൻ തർജ്ജിമചെയ്തു അച്ചടിപ്പിച്ചു. സുറിയാനിയുമായി ഒത്തുനോക്കുമ്പോൾ പലടത്തും വ്യത്യാസങ്ങൾ ഉണ്ടു. ഭാഷാരീതിയെക്കുറിച്ചു എന്തെല്ലാം ആക്ഷേപങ്ങൾ പറവാനുണ്ടായിരുന്നാലും നാട്ടുക്രിസ്ത്യാനികളുടെ ഇടയിൽ വളരെനാളായി പെരുമാറിവരുന്നതുകൊണ്ടു ഇതിന്റെ മട്ടു ഇവിടങ്ങളിൽ എല്ലാവർക്കും വളരെ തൃപ്തിപ്പെട്ടിരിക്കയാണെന്നു പറവാൻ സംശയമില്ല.

അതിനിടയിൽ വടക്കു ജെർമ്മൻ മിഷ്യനറിമാരുടെ ആവശ്യത്തിന്മേൽ വേറൊരു തർജ്ജമ കോഴിക്കോടു മംഗലപുരം മുതലായ പ്രദേശങ്ങളിൽ നടപ്പാക്കിയിട്ടുണ്ടു. ഒരു ഭാഷയിൽ രണ്ടുതരത്തിൽ വേദപുസ്തകം ഉപയോഗിക്കുന്നതിൽ ഉള്ള അസൌകര്യവും ചിലവും വിചാരിച്ചിട്ടെന്നുതോന്നുന്നു വടക്കും തെക്കും ഒന്നുപോലെ ഉപയോഗിക്കാവുന്ന ഒരു തർജ്ജിമ വേണമെന്നു ബൈബിൾ സൊസയിററിക്കാർ നിശ്ചയിച്ചു പുതിയ തർജ്ജമ തുടങ്ങിയിട്ടു അഞ്ചാറു വർഷം ആയിരിക്കുന്നു. പുതിയ നിയമം മുഴുവൻ തീർന്നിരിക്കുന്നു എന്നും പഴയ നിയമം താമസിയാതെ തീർക്കുവാൻവേണ്ടി ആർച്ച്ഡീക്കൻ കോശി അവർകളെ

യും ജെൎമ്മൻ മിഷ്യൻകാരായ രണ്ടു പാദ്രിമാരെയും ബൈബിൾസൊസയിറ്റിയുടെ പ്രത്യെക ശമ്പളത്തുമ്മെൽ നിയമിച്ചു വെല ആരംഭിച്ചിരിക്കുന്നതായും അറിയുന്നു.

ബെയിലി സായ്വിന്റെ തൎജമയാണല്ലൊ ഇപ്പൊൾ നടപ്പിൽ ഇരിക്കുന്നതു. ആണ്ടുതൊറും ഇതു അച്ചടിക്കുന്നുമുണ്ടു. ഇപ്പൊഴും ബെയിലിസായ്വിന്റെ തൎജമ എന്നുതന്നെ പറഞ്ഞുവരുന്നു എങ്കിലും, ഒരിക്കൽ അച്ചടിക്കുന്ന പുസ്തകം അതിനു നെരെ മുമ്പു അച്ചടിച്ച പുസ്തകത്തിൽനിന്നു അങ്ങും ഇങ്ങും അല്പാല്പം ഭെദപ്പെട്ടുകാണുന്നുണ്ടു. ഇപ്പൊഴത്തെ പുതിയ തൎജമ ഇതുവരെയും വെളിക്കുവന്നിട്ടില്ല. പഴയതൎജമയെന്നുള്ള ഭാവത്തിൽ പല തവണയായി അച്ചടിച്ചിട്ടുള്ള പുസ്തകങ്ങളിൽ പരസ്പര വിപരീതങ്ങളായ മാറ്റങ്ങൾ അവിടവിടെ വരുത്തുന്നതായി കാണുന്നു. ഇതു അച്ചടിക്കുന്ന അച്ചുക്കൂട്ടക്കാർ സ്വയമായി ചെയ്യുന്ന മാറ്റങ്ങളൊ ബൈബിൾസൊസയിറ്റിക്കാരുടെ വല്ല പ്രത്യെക തൎജമക്കാരനും തിരുത്തിയിട്ടു ചെയ്യുന്നതൊ എന്നു മനസ്സിലാകുന്നില്ല. കഴിഞ്ഞ ചില പത്രികകളിൽ ചില ലെഖകന്മാർ ഈ മാറ്റങ്ങളിൽ ചിലതു പ്രസ്താവിച്ചിരുന്നതു വായനക്കാർ ഓൎക്കുന്നുണ്ടായിരിക്കുമെല്ലൊ.

എന്നാൽ ഇതിൽ ആശ്ചൎയ്യമായ ഒരു സംഗതികാണുന്നതിനാൽ ചില സംശയങ്ങൾക്കു വകയുണ്ടു. മുതുകത്തുകൊട്ടുമ്പൊൾ വായ് പിളൎക്കുക എന്ന പഴഞ്ചൊല്ലു പൊലെ സുറിയാനിക്കാരുടെ "മൂഢവിശ്വാസങ്ങൾ" എന്നു വിചാരിക്കപ്പെടുന്ന വല്ല ഉപദെശങ്ങളുടെയും തെളിവിലെക്കു വല്ല സുറിയാനി ഭൊഷന്മാരും ഉണ്ടാക്കുന്ന പുസ്തകങ്ങളിൽ വല്ല പാസൊക്കാകളും എടുത്തു പ്രയൊഗിച്ചാൽ അടുത്ത കാലത്തു അച്ചടിക്കപ്പെടുന്ന വെദപുസ്തകത്തിൽ ആ പാസൊക്കായുടെ വാചകത്തിൽ എന്തെങ്കിലും ഒരുകുഴപ്പംകാണുക പതിവുണ്ടു. വെദപുസ്തകത്തിൽ മാത്രമല്ല പള്ളിക്രമത്തിലും ഈ സമ്പ്രദായം പ്രയൊഗിക്കുന്നതായി കാണുന്നു. അംഗ്ലിയാ സഭയുടെ പള്ളിക്രമപുസ്തകത്തിൽ കാണുന്ന അത്താനാസ്യോസിന്റെ വിശ്വാസപ്രമാണത്തിന്റെ ആദ്യവും അവസാനവും ഉള്ള വാചകങ്ങളെ എടുത്തു കാണിച്ചുംകൊണ്ടു അംഗ്ലിയാ സഭയിൽ രക്ഷയില്ലെന്നു അവർ തന്നെ സമ്മതിക്കുന്നതായി ഈ പത്രികയുടെ ആദ്യകാലത്തു വാദിച്ചു സ്ഥാപിച്ചപ്പൊൾ. ആ തൊൽവിക്കു ഹെതു പള്ളിക്രമപുസ്തകം ഉണ്ടാക്കിയവരുടെ ഭൊഷത്വമാണെന്നു വിചാരിച്ചിട്ടൊ മറ്റൊ പിന്നീടു അച്ചടിച്ച പള്ളിക്രമത്തിൽ തക്കപ്പെട്ട വാചകങ്ങൾ കാണ്മാനില്ല. ഈ മാറ്റങ്ങൾ എല്ലാം ചെയ്യാലും ഇവിടെയുള്ള ഇംഗ്ലീഷ് പഠിക്കാത്ത സുറിയാനിക്കാരെ കബളിപ്പിക്കാമെന്നെ ഉള്ളു. മൂലമായ ഇംഗ്ലീഷ ഇവർ ആരും വിചാരിച്ചാൽ മാറ്റുവാൻ കഴിയുമെന്നു തൊന്നുന്നില്ല.

പള്ളിക്രമത്തിലും വെദപുസ്തകത്തിലും അപ്പഴപ്പൊൾ സമയൊചിതമായ മാറ്റം കാണുന്നതുകൊണ്ടു അതിന്റെ ഉദ്ദെശം മെൽ പറഞ്ഞതുപൊലെ ഇരുട്ടുകൊണ്ടു ഓട്ട അടക്കുവാനല്ലയൊ എന്നു സംശയി

കുന്നു- ചൎച്ച്മിഷ്യൻ പ്രസ്സിൽ അച്ചടിച്ച ഒരു പുസ്തകം നോക്കിക്കൊണ്ടു അതിൽനിന്ന ഒരുവാക്യം എടുത്തുവച്ചു വ്യാഖ്യാനിച്ചു വല്ല സുറിയാനി "മൂഢ ഉപദേശവും" നീതീകരിക്കുവാൻ ശ്രമം ചെയ്തു പോയെങ്കിൽ അടുത്ത ആണ്ടിൽ അച്ചടിക്കുന്ന പുസ്തകത്തിൽ ആ പ്രത്യേക വാക്യം അല്പം തകടംമറിച്ചു വച്ചിരിക്കും- ഇങ്ങനെഅപ്പഴപ്പൊൾ മാററം വരുത്തുവാൻ ബൈബിൾ സൊസയിററി അനുവദിച്ചിട്ടുള്ളതായി അറിയുന്നില്ല- ഈ കാൎയ്യത്തിൽ കപ്പലിൽ കള്ളൻ ആരാണെന്ന അറിവാൻ ശ്രമം ചെയ്തിട്ട സാധിക്കുന്നല്ല. ഞങ്ങളുടെ വായനക്കാരിൽ ആൎക്കെങ്കിലും അറിവുണ്ടെങ്കിൽ അറിയിച്ചാൽ കൊള്ളാം-

അനുഭവംകൊണ്ടു ഊഹിക്കാവുന്നതായി മേൽപ്രസ്താവിച്ച ഉദ്ദേശ്യത്തോടുകൂടിയാണ വേദപുസ്തകത്തിൽ മാററങ്ങൾ വരുത്തുകയും അച്ചടിപ്പിക്കയും ചെയ്യുന്നതെങ്കിൽ ഇവയൊടു കൂട്ടുകയൊ കുറയ്ക്കുകയൊ ചെയ്യുന്നവന്റെ നാമം ജീവന്റെ പുസ്തകത്തിൽ നിന്ന എടുക്കപ്പെടുമെന്നു വിശുദ്ധ വെളിപാടുകാരൻ എഴുതിയിരിക്കുന്നതു ശരിയായ് ഇവരെ സംബന്ധിക്കും- എന്നു മാത്രവുമല്ല പറങ്കികൾ പണ്ടുവന്നു സുറിയാനിക്കാരുടെ പുസ്തകം ദഹിപ്പിച്ചതിനാൽ വരുത്തിയ ഫലവും ഇവർ പുസ്തകം അച്ചടിപ്പിച്ചു വൎദ്ധിപ്പിക്കുന്നതിനാൽ വരുത്തുന്ന ഫലവും ഒന്നാണെന്നു തന്നെ അനുമാനിക്കേണ്ടിവരുന്നു- വാളുകൊണ്ടു വെട്ടിയൊ ഇൻക്വിസിഷ്യനിൽ ദഹിപ്പിച്ചൊ കൊല്ലുന്നതും വിഷം കലൎന്ന പലഹാരങ്ങൾ ചേൎന്ന ഒരുവലിയ വിരുന്നിൽ ക്ഷണിച്ചിരുത്തി ബഹുമാനിക്കുന്നതും ഒരുപോലെയാണല്ലൊ- പുതിയ തൎജ്ജിമക്കാർ വെളിപാടുകാരൻ കഥിച്ചിരിക്കുന്ന ശാപത്തിന്നു പാത്രീഭവിക്കാതിരിപ്പാൻ കരുതിക്കൊള്ളുന്നതിന്ന ഒരു ഓൎമ്മയായി മാത്രം ഇത്രയും പറയുന്നതിൽ ആൎക്കും പരിഭവം ഉണ്ടാകയില്ലെന്ന വിശ്വസിക്കുന്നു-



ഇൻക്വിസിഷ്യൻ (അല്ലെങ്കിൽ ശുദ്ധ:മെ ജയിൽ.-)
കനത്ത കണ്ണാടികൊണ്ടുള്ള ഭ്രോം.



"നീ ഇനിയും ശാഠ്യം പിടിച്ചു, ശുദ്ധ: പള്ളി ദയയായി നിനക്കു നീട്ടുന്ന കയ്യെ നീ നിഷേധിക്കയും ചെയ്യുന്നതുകൊണ്ടു നീ കുറെ ദിവസത്തേക്കു നിന്നോടുകൂടെ തന്നെ പാൎക്കുന്നതു യുക്തമെന്ന ഇനിക്കു തോന്നുന്നു- അങ്ങിനെ നീ നിന്നൊടുതന്നെ വെറുത്ത പൊടിയിലും വെണ്ണീറിലും കിടന്നു ഒടുക്കം രക്ഷക്കായി വ്യാപിക്കുന്ന മാനസ്സാന്തരത്തിലേക്കു എത്തുന്നതിന്ന ഇടയായേക്കാം" എന്ന പ്രധാന ജയിലർ മേശയുടെ തലയ്ക്കൽ നിന്നുകൊണ്ടു പറഞ്ഞു-

അദ്ദേഹം പറഞ്ഞ വാക്കുകളൊന്നും ഇനിക്കു തൽക്കാലം മനസ്സിലായില്ല. അവർ എന്നെ സ്പാന്യയിലെ മെഡ്രീഡ് തെരുവുകളിൽവെ

ച്ചു പിടിച്ചു ശുദ്ധ കാവൽസ്ഥലത്തേക്കു എന്നെ കൊണ്ടുപോയി. എന്റെ കേസു വിസ്തരിക്കുന്നതുവരെ പല ആഴ്ചവട്ടങ്ങൾ പാതാളത്തിൽ ഒരു ഗുഹയിൽ എന്നെ ആക്കിയിരുന്നു. പിന്നെ അവിടെ നിന്നു എന്നെ പന്ത്രണ്ടടി സമചതുരമുള്ള മറ്റൊരുഗുഹയിലേക്കു കൊണ്ടുവന്നാക്കി. ആ മുറിക്കു മേൽഭാഗത്തു ഒരുജനലിൽക്കൂടെ വന്ന വെളിച്ചം അല്ലാതെ വേറെ ഇല്ലായിരുന്നു. എന്നെ ഇവിടെ കൊണ്ടുവന്നാക്കിയതിന്റെ ആന്തരങ്ങൾ എന്തെന്നു കാവൽക്കാരോടു ചോദിപ്പാനെ തുനിഞ്ഞില്ല എന്തെന്നാൽ ശുദ്ധകാവലിലെ കാവൽക്കാർ മറുവേഷം ധരിച്ചിരുന്നു; വല്ലതും ചോദിച്ചാൽ തലകുലുക്കുക പോലും ചെയ്കയില്ലായിരുന്നു. ഒരു ദിവസം ഉച്ചകഴിഞ്ഞിരുന്നു എന്നെ ആ മുറിയിൽ കൊണ്ടുവന്നാക്കിയതു ഞാൻ തലേച്ചം കിടന്ന മുറിക്കും മുൻ കിടന്നിരുന്ന മുറിക്കും തമ്മിൽ വ്യത്യാസം ഉണ്ടായിരുന്നു. "എന്നോടുകൂടെ തന്നെ പാർക്കണമെന്നു" പറഞ്ഞതിന്റെ സാരമെന്തെന്നു ഇനിക്കു മനസ്സിലാകാഞ്ഞതിനാൽ വിചാരിച്ചു കൊണ്ടു കിടന്നുറങ്ങിപ്പോയി.

നേരം വെളുത്തു, വെട്ടം വീഴുന്നതിനു മുമ്പു ഞാൻ ഉണർന്നു നോക്കിയപ്പോൾ നേരെയുള്ള ഭിത്തിയിൽ ഒരു ബീഭത്സ രൂപത്തെ കണ്ടു പേടിച്ചു ചാടി എഴുനേറ്റപ്പോൾ മുകൾഭാഗത്തുണ്ടായിരുന്ന വാതിൽ അടച്ചുകളഞ്ഞു. കുറെകഴിഞ്ഞപ്പോൾ ഒരു പഴുതിൽക്കൂടി ഒരുവിളക്കു കൊണ്ടുവന്നു തൂക്കുന്നതു ഞാൻ കണ്ടു. ഞാൻ എഴുനീറ്റപ്പോൾ അനേക ബീഭത്സരൂപങ്ങൾകൊണ്ടു ചുറ്റപ്പെട്ടവനായി, നിലം തൊടാതെ നില്ക്കുന്നതായി ഇനിക്കു തോന്നി. ചുറ്റും അനേകരൂപങ്ങൾ നൃത്തം ചെയ്യുന്നതുപോലെ തോന്നി. രാത്രിയിൽസംഭവിച്ചതു ഇന്നതെന്നു കുറെ കഴിഞ്ഞപ്പോഴെ ഇനിക്കു മനസ്സിലായൊള്ളു- ഭിത്തികളിലെല്ലാം തടിച്ചകണ്ണാടി പതിച്ചിരുന്നു. ചുറ്റുമുള്ളസ്വരൂപങ്ങൾ എന്റെ സ്വരൂപം തന്നെ അനേകായിരമായി പ്രതിബിംബിച്ചതു മാത്രമായിരുന്നു. കണ്ണാടികൾ മുറിഞ്ഞിരുന്നിടത്തു എന്റെ അവയവശകലങ്ങൾ കാണപ്പെട്ടു. സകലവും വികൃതരൂപങ്ങളായിരുന്നു- ആരും കണ്ടാൽ ഭയപ്പെടും- പിറ്റെ ദിവസം എന്നെ മറ്റൊരു മുറിയിലേക്കു നീക്കം ചെയ്തു. അതു ഞാൻ ആദ്യം കിടന്ന മുറിപോലെ ആയിരുന്നു. എന്റെ പരിശോധന അവസാനിച്ചു എന്നു ഞാൻ വിചാരിച്ചു- എന്നാൽ അവരുടെ ആന്തരങ്ങൾ അതല്ലാഞ്ഞു. മുമ്പിലത്തെ മുറിയിൽ മറ്റൊരുമാതിരി കണ്ണാടി പതിക്കയായിരുന്നു- ആദ്യത്തെ കണ്ണാടി പരപ്പും ഇതല്പം കുഴിഞ്ഞതുമായിരുന്നു- പിറ്റെരാത്രി എന്നെ ആ മുറിയിലേക്കു കൊണ്ടുപോയി- അപ്പോൾ കണ്ട കാഴ്ച പറഞ്ഞറിയിപ്പാൻ മഹാഭയങ്കരം തന്നെ. നോക്കുന്നിടത്തെല്ലാം ഭയം തോന്നത്തക്ക വികൃതിരൂപങ്ങൾ തന്നെ- ഞാൻ ഒന്നു അനങ്ങിയാൽ അവയെല്ലാം അനങ്ങും. ഞാൻ കണ്ണടച്ചാൽ അവകളൊക്കെ കണ്ണടയ്ക്കും- അതിനാൽ അവ എന്റെ പ്രതിബിംബമാകുന്നു എന്നു ഞാൻ ഗ്രഹിച്ചു- അന്നു രാത്രി ഉറങ്ങിയില്ലെന്നു തന്നെ പറയാം- പുലർകാലെ ഞാൻ ഉണർന്നു; ഇതിൽ നിന്നു ചാടി പോകുവാൻ എന്തുപായം ഉള്ളതെന്നു കുറിട്ടുകൊണ്ടിരുന്നു- ആ മുറിക്കു

മേൽതട്ടുവരെ പത്തടി ഉയരമുണ്ടു. മേൽതട്ടിൻെറ ഒരു വിള്ളലിൽ കൂടെ ആണ എൻെറ ഉപജീവനങ്ങൾ കെട്ടിയിറക്കിയിരുന്നതു- ഏകദെശം സന്ധ്യയാകുന്നതുവരെയും വിചാരിച്ചുകൊണ്ടിരുന്നാറെ കിടിൽ ഏതാനൊരു ശബ്ദം മേൽഭാഗത്തുകേട്ടു- ഞാൻ മെല്പോട്ടു നോക്കിയപ്പോൾ മുൻപറഞ്ഞിരുന്നതുപോലെ കൊളുത്തിയ ഒരു വിളക്ക അകത്തു തൂക്കുവാനായിട്ടു ഒരു കൈ അകത്തോട്ടു കടത്തിയതായി ഞാൻ കണ്ടു- അവിടെ ചാടി എത്തുന്നതു കുറെ അസാദ്ധ്യമെന്നിരുന്നാലും, അനർത്ഥത്തിൽ അകപ്പെട്ടിരിക്കുന്നവർ അസാദ്ധ്യമെന്നിരുന്നാലും തുനിവു പ്രവൃത്തികൾ ചെയ്യുന്നതു വഴക്കമല്ലൊ- ഞാൻ എൻെറ ശക്തിഒക്കെയൊടും കൂടെ ഓടിവന്നു കുതിച്ചുചാടി ഭാഗ്യവശാൽ ആ കൈക്കു പിടികൂടി എന്നല്ലൊ പറയെണ്ടു. ഞെരുഞ്ഞെരെ എന്ന ഒരു ശബ്ദത്തോടെ ആ കൈ ഉടമസ്ഥൻ പിന്നാലെയും ഞാൻ ഒന്നാമനായും നിലത്തു വീണു- ഞാൻ കുറെ അകലെ വീഴുന്നതിനായിട്ടു കരുതിയിരുന്നു- മററവൻ വീണതു തലകുത്തിയായിരുന്നു- അവൻെറ തല തന്നരിച്ചുപൊയെന്നു മാത്രമല്ല അവൻെറ പിടലി ഉളുക്കുക കൂടെ ചെയ്തിരിക്കണം- ഞാൻ കരുതിക്കൂട്ടിയിരുന്ന പ്രകാരം ഞാൻ ചെയ്യെണ്ടതു ഉടനെ പ്രവൃത്തിച്ചു- അവൻെറ ഉടുപ്പുകളും മറുവെഷങ്ങളും ഉരിഞ്ഞു ഞാൻ ധരിച്ചു- അവൻെറ ഞരക്കങ്ങൾ കാവല്ക്കാർക്കു വെളിക്കു കേൾക്കാമായിരുന്നു- എന്നാൽ അതു അവിടെ ഒരു അസാമാന്യ സംഭവമല്ലായ്കു- ഞാൻ അവനെ പിളപ്പിന്നു നേരെ വലിച്ചു താങ്ങിയിരുത്തിയും കൊണ്ടു അവൻെറ തോളുകളിന്മേൽനിന്നുംകൊണ്ടു മേലോട്ടു കുതിച്ചുചാടി പിളപ്പിങ്കൽ എത്തി- അവിടെനിന്നു ഒരുപടിവാതിൽ ഒരു മുറിയിലെക്കു ഉണ്ടായിരുന്നു- ഞാൻ അതിൻെറ കൈപിടിമൂലം തുറന്നു ഒരു മുറിയിലെക്കു പ്രവെശിച്ചു വാതിൽ ഭദ്രമായി അടച്ചു- നാലുചുററും നോക്കിയാറെ വെളിക്കു ചാടി പൊകുന്നതിനുള്ള ഉപായങ്ങൾ കണ്ടെത്തി- ആ മുറിക്കു താഴെ ഒരു തോട്ടമുണ്ടായിരുന്നു- ആ തോട്ടത്തിൻെറ ചുവരോടടുത്തു ചിലവൃക്ഷങ്ങളും കണ്ടു- ഞാൻ മറുവെഷം ധരിച്ചിരുന്നതുകൊണ്ടു ഞാൻ അവിടെ ചിലരെ കണ്ടെങ്കിലും അവർ എന്നോടൊന്നും ഉരിയാടിയില്ല; ഞാനും അവരോടൊന്നും ചൊദിച്ചതുമില്ല- തക്കം നോക്കിക്കൊണ്ടു ചുവരരികെയുള്ള ഒരു വൃക്ഷത്തിന്മേൽ കയറി, മതിലിൻെറ മുകളിൽ എത്തി- കീഴൊട്ടു ചാടുന്നതു അപായമെന്നിരുന്നാലും ജീവനെപ്രതിയുള്ള കാംക്ഷയാൽ കീഴൊട്ടു ചാടി- ദൈവഗത്യാ അപകടം ഒന്നും സംഭവിച്ചില്ല. പിന്നെ ഇനിക്കുണ്ടായിരുന്ന വിചാരം മുറിയിൽ തലകുത്തിവീണവനെപ്പററിയായിരുന്നു- അവൻ അവിടുത്തെ വാർഡറന്മാരിൽ ഒരുവനായിരുന്നു- ഇനിക്കു ഒരു ഖെദം മാത്രമെയുള്ളു- ആയതു പ്രധാന ഇൻക്വിസിററർ ആയിരുന്നില്ലല്ലൊ എന്നായിരുന്നു.

തനതു ലെഖകൻ-

സൂചനകൾ

മാർ ദീവന്നാസ്യോസ സിമ്മനാരി — ഈമാസം ൨൩-നു തുറന്നു പഠിത്വം വീണ്ടും ആരംഭിച്ചിരിക്കുന്നു.

* * *

പുതുപ്പള്ളി പെരുനാൾ — ഈ ആണ്ടും പതിവുപോലെ ഭംഗിയായി കഴിഞ്ഞിരിക്കുന്നു. ആൾക്കൂട്ടവും നടവരവും ഒട്ടും കുറവല്ലായിരുന്നു.

* * *

മാരാമൺപള്ളി — നവീകരണ തലസ്ഥാനംപോലിരിക്കുന്ന ഈ പള്ളിയിലെ ബാവാകക്ഷിക്കാരും കൂടെ ചേർന്നു കുർബ്ബാന ഒന്നായി കൈക്കൊൾവാൻ ഈ ആണ്ടിൽ ആറമ്പതിൽ അധികം ആളുകൾ ഉണ്ടായിരുന്നു എന്നു അറിയുന്നു.

* * *

ആർത്താററ കേസ — ഇതിന്റെ അപ്പീൽ കൊച്ചിയിൽ അപ്പീൽകോടതി തുറക്കുന്ന ദിവസം കൊടുപ്പാൻ തക്കവണ്ണം തയ്യാറാക്കിയിരിക്കുന്നു. ഇരുഭാഗത്തു നിന്നുമായി ൨൦൦-ൽ അധികം പ്രമാണങ്ങളും ൩൦-ൽ പരം സാക്ഷിമൊഴികളും ഉൾപ്പെട്ട ഈ വലിയ കേസിലെ വിധിന്യായം ആറുകപ്പാടെ ഏഴു പുറങ്ങളിൽ അധികമില്ലെന്നു പറഞ്ഞാൽ വിധിയുടെ യോഗ്യത ഒട്ടു ഊഹിക്കാമല്ലോ.

* * *

ഒരു മനസ്സുതിരിവു — അലക്സാണ്ടർ നൂസ്കി എന്ന ആശ്രമത്തോടുചേർന്ന പള്ളിയിൽ വച്ചു കൽദായക്കാരനായ യൌനാൻ എന്ന മെത്രാനും നാലു വൈദികന്മാരും വളരെ ജനങ്ങളും റഷ്യ സഭയിലേക്കു ചേർന്നിരിക്കുന്നു എന്നും റഷ്യയിലെ "പരിശുദ്ധ സുന്നഹദോസിലെ" ഒരാൾ വന്നിരുന്നു സത്യംചെയ്യിച്ചു ഇവരെ ചേർത്തു എന്നും ഒരു ഇംഗ്ലീഷ് പത്രം പ്രസ്താവിക്കുന്നു. കൽദായക്കാരൻ എന്നു കാണുന്നതുകൊണ്ടു ഈ കൂട്ടർ പാപ്പായുടെ കീഴുള്ള പൊരുവേൽക്കാരിൽ ഉൾപ്പെട്ടവർ ആണെന്നു തോന്നുന്നു.

* * * *

തിരുവിതാംകൂർ കൊച്ചി ക്രിസ്ത്യൻ അസോസിയേഷ്യൻ — സമ്മേളനദിവസം ൭-മണിക്കു സഫലംപരത്ത വായനശാലയിൽ ജഡ്ജിയായിരുന്ന മെസ്സർ പുന്നൻ അവർകളുടെ ക്ഷണിതപ്രകാരം നാനാവക നാട്ടുക്രിസ്ത്യാനികളുടെ ഒരു യോഗം കൂടി [illegible] മേൽപ്പറഞ്ഞ പേരിൽ ഒരു സംഘം ഏർപ്പെടുത്തുകയും താൽക്കാലികമായി ചില നിയമങ്ങൾ നടപ്പാക്കുകയും ചെയ്തിരിക്കുന്നു. സംഘത്തിന്റെ ഉദ്ദേശം ക്രിസ്ത്യാനികൾക്കു ഗവർമ്മെണ്ടു ഉദ്യോഗങ്ങൾ വർദ്ധിപ്പിക്കുന്നതിനു ഗവർമ്മെണ്ടിനോടു അപേക്ഷിക്കുന്നതാകുന്നു.

* * *

ഒരു രക്ഷപെട്ട ആൾ — നവീകരണത്തിൽ നവീകരണക്കാരനും ആ കക്ഷിയിലെ ഒരു പ്രധാനിയും വർത്തമാനകാലത്തെ പകലൊമററം തറവാട്ടോടു അടുത്തസംബന്ധിയുമായ ഒരു പട്ടക്കാരൻ കുറെനാളായി മെഴുകുതിരി കൂടാതെയാണ കുർബ്ബാന ചൊല്ലിവരുന്നതു. ഇതിലേക്കു അദ്ദേഹം പറയുന്ന കാരണം സർക്കാരിന്റെ വകയായ മെഴുക വല്ലവരും വ്യാജമായി കൊണ്ടുവരുന്നതുകൂടെ അറിയാതെ വാങ്ങിപ്പാൻ ഇടവന്നേക്കാവുന്നതുകൊണ്ടു അതുവച്ചു കുർബ്ബാന ചൊല്ലുന്നതു പാപമാണെന്നാകുന്നു. രൊക്കംപണംകൊടുത്തു വാങ്ങുന്ന മെഴുകിൽ വ്യാജച്ചരക്കും ഉൾപ്പെട്ടേക്കുമെന്ന ഭയന്നു മെഴുക ഉപയോഗം നിർത്തൽചെയ്തുകളഞ്ഞ ഈ വിദ്വാനും സഹോദരന്മാരും ഈയ്യിടെ സർക്കാർവക തേക്കുതടി വ്യാജമായി പിടിച്ചുറത്തു എന്ന കുററത്തിന്മേൽ ശിക്ഷിക്കപ്പെട്ടിരിക്കുന്നതായി അറിയുന്നു. മത പരിഷ്കാരത്തിൽ ഇവർ പറയുന്ന കാരണങ്ങളുടെ നിഷ്കപടത ഈ സംഭവംകൊണ്ടു ഒട്ടു ഊഹിക്കാമല്ലോ.

* * *

പുതിയ ദിവാൻജി അവർകൾ — തിരുവിതാംകൂർ ദിവാനായിരുന്ന ഹൊണറബിൾ ശങ്കരസുബ്ബയ്യൻ അവർകൾ പോയമാസാന്ത്യം ഉദ്യോഗം രാജിവയ്ക്കയും തൽസ്ഥാനത്തെക്കു ഹൈക്കോർട്ട ചീഫ് ജസ്റ്റീസ ദിവാൻ ബഹദൂർ കെ. കൃഷ്ണസ്വാമിരായർ അവർകളെ നിയമിക്കയും ചെയ്തിരിക്കുന്നു. ഇദ്ദേഹത്തിനു കല്പിച്ചു ദീട്ടുകെട്ടതു ഈ മാസം ൭-ാം നു- യായിരുന്നു. കൃഷ്ണസ്വാമിരായർ അവർകൾ ഈ സംസ്ഥാനത്തുള്ള ഉദ്യോഗസ്ഥന്മാരിൽവച്ചു നീതിതല്പരനും സത്യവാനും ആണെന്നു പ്രസിദ്ധപ്പെട്ട ആളാകയാൽ ഇദ്ദേഹത്തിന്റെ ഉയർച്ചയിൽ രാജ്യം ഒട്ടുക്ക

സന്തോഷവുമാണുള്ളതു. സുറിയാനിക്കാരെ സംബന്ധിച്ചോ തങ്ങളുടെ സഭയുടെയും വിശ്വാസത്തിന്റെയും സ്ഥിതീകരണത്തിനു അടിസ്ഥാനമായ സിമ്മനാരിവ്യവഹാരത്തിലെ അവസാന വിധികർത്താക്കന്മാരിൽ ഒരുവനെന്നുള്ള നിലയിൽ മുമ്പെതന്നെ സുറിയാനി സമുദായത്തിന്റെ സന്തോഷപാത്രമായിരിക്കുന്ന ഈ മഹാന്റെ ദൈവാനുക്രഹത്താൽ ഈ ഉയർച്ച ഉണ്ടായതിലുള്ള സന്തോഷം പറഞ്ഞുകൂടുവതല്ല.

❖ ❖ ❖

പുത്തനങ്ങാടി കുരിശുപള്ളി.—മുമ്പിൽ പ്രസ്താവിച്ചിരുന്നതുപോലെ ഈ പള്ളിയുടെ കൂദാശ ഈ മാസം ൧൨-ാം ശനിയാഴ്ചയായിരുന്നു. വലിയ തിരുമനസ്സിലേക്കു വന്നെത്തുവാൻ സൌകൎയ്യമില്ലാത്തതിനാൽ പ്രതിപുരുഷനായി കണ്ടനാടു ഇടവകയുടെ നി. വ. ദി. ശ്രീ. മാർ ഈവാനിയോസ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു വെള്ളിയാഴ്ച നേരത്തെ സിമ്മനാരിയിൽ എഴുന്നെള്ളി. ഇടവകമെത്രാപ്പോലീത്താ തിരുമനസ്സിലേക്കു സുഖമില്ലാത്തതിനാൽ അവിടത്തെ പ്രതിപുരുഷനായി നിരണം ഇടവകയുടെ നി. വ. ദി. ശ്രീ. മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും ഹാജരുണ്ടായിരുന്നു. വെള്ളിയാഴ്ച പകലെ നാലുമണിക്കു തിരുമേനികളെ ആഘോഷപൂർവം കുരിശുപള്ളിയിലേക്കു എഴുന്നെള്ളിക്കണമെന്നു നിശ്ചയിച്ചിരുന്നു. കൊച്ചുതിരുമേനി വന്നെത്താഞ്ഞതുകൊണ്ടു മാർ ഈവാനിയോസു മെത്രാപ്പോലീത്താ തിരുമനസ്സിലെ എതിരേല്പു വളരെ ആഘോഷമായി നടത്തി. രാത്രി കൊച്ചുതിരുമേനിയും വന്നുചേർന്നു. കൂദാശയും കുർബാനയും നടത്തിയതു മാർ ഗ്രീഗോറിയോസ മെത്രാപ്പോലീത്താ അവർകൾ ആയിരുന്നു. പള്ളിപണി വളരെ ഭംഗിയായിരിക്കുന്നു. എണ്ണായിരം രൂപായിൽ മേൽ ചിലവായിട്ടുണ്ടെന്നാണു അറിവു. ഇതിൽ വേറൊരു വിശേഷം ഉള്ളതു സ്ഥലത്തുള്ള പട്ടന്മാർ ശൂദ്രർ മുതലായ അനേകം ഹിന്ദുക്കൾ ഈ പള്ളിപണിക്കു യഥാശക്തി ദ്രവ്യസഹായം ചെയ്തിട്ടുള്ളതാണു. പള്ളി ഇത്രത്തോളം ഭംഗിയാക്കിയ പുത്തനങ്ങാടി നിവാസികളുടെ പരിശ്രമം ശ്ലാഘനീയംതന്നെ. ദൈവത്തിന്റെ ഭവനം ഏതുപ്രകാരം അലങ്കാരവും ഭംഗിയും ആയിരിക്കുന്നുവൊ അതുപോലെതന്നെ ദൈവാലയമാകുന്ന നമ്മുടെ ഹൃദയങ്ങളും വെടിപ്പും ശുദ്ധതയും ഉള്ളവയാക്കുവാൻ എല്ലാവരും ശ്രമിക്കേണ്ടതാകുന്നു.

മാർ ദിവന്നാസ്യോസ് സിമ്മനാരിവക

ഡെല്ലിപ്പിരിവു കണക്കു.

		രൂ.	ച.	കാ.
നി. വ. ദി. ശ്രീ. മാർ ദീവന്നാസ്യോസ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു		൨൰	൨	൦
വ. ദി. ശ്രീ. പൌലോസ റമ്പാൻ	അവർകൾ	൭	൦	൦
വ. ദി. ശ്രീ. യാക്കോബ റമ്പാൻ	,,	൦	൨	൦
കോട്ടയം				
ദി. ശ്രീ. മ. മ. പട്ടശേരിൽ ഗീവറുഗീസ കത്തനാർ	,,	൧൰	൨	൨
,, ഉപ്പൂട്ടിൽ യാക്കോബ കത്തനാർ	,,	൧	൧൧	൮
,, ഇടവഴിക്കൽ ലൂക്കോസ കത്തനാർ	,,	൨	൬	൦
രാ. രാ. കന്നമ്പുറത്തു കോര ഉലഹന്നൻ	,,	൩൬	൩	൮
,, ഉപ്പൂട്ടിൽ അബ്രഹാം	,,	൧൨	൧	൯
,, എറികാട്ട മാത്തു അവിപ്പ	,,	൧൨	൯	൦
,, മാളിയേക്കൽ ചാണ്ടി	,,	൧൨	൦	൦
,, കെ. ഐ. വറുഗീസുമാപ്പിള	,,	൧൧	൧൭	൦
,, പി. ഒ. തോമ്മാസ വക്കീൽ	,,	൭	൦	൦
,, ടി. സി. പുന്നൻ ജഡ്ജി മകൻ	,,	൩	൬	൦
,, കെ. ടി. കോശി വക്കീൽ മകൻ ജോർജ	,,	൩	൨	൧
,, മ. മനോരമ ആപ്പീസു വേലക്കാർ		൬	൨൨	൬
,, ആറ്റുതുരുത്തേൽ അയിപ്പ വാദ്ധ്യാർ	,,	൬	൦	൦
കോട്ടയത്തു പുത്തൻപള്ളി		൪	൧൯	

മാർ ദിവന്നാസ്യോസ സെമ്മനാരി വക

[illegible] കണക്ക.

[illegible]		അയവർകൾ	രൂ.	ച.	[illegible]
,,	കരിങ്ങാലൂരിൽ ഉലഹന്നാൻ	,,	[illegible]	൦	൦
,,	[illegible] ചെറിയാൻ	,,	[illegible]	[illegible]	[illegible]
,,	ഇടപ്പഴിക്കൽ പീലിപ്പോസ	,,	[illegible]	൦	൦
,,	[illegible] വക്കീൽ	,,	[illegible]	൦	൦
,,	[illegible] കോശി വക്കീൽ	,,	[illegible]	൦	൦
,,	[illegible]	,,	[illegible]	[illegible]	[illegible]
,,	പി. ജെ. [illegible] വാദ്ധ്യാർ	,,	[illegible]	[illegible]	൦
,,	[illegible] കോര	,,	[illegible]	[illegible]	൦
,,	[illegible]	,,	[illegible]	[illegible]	[illegible]
,,	സി സി. [illegible] വാദ്ധ്യാർ	,,	[illegible]	൦	൦
,,	[illegible] മാത്തൻ	,,	[illegible]	൦	൦
,,	[illegible] പീലിപ്പോസ	,,	[illegible]	[illegible]	൦
,,	[illegible] വക്കീൽ	,,	[illegible]	[illegible]	൦
,,	മി. സിമ്മനാരി [illegible]	,,	[illegible]	[illegible]	[illegible]
,,	[illegible]	,,	[illegible]	[illegible]	[illegible]
,,	[illegible] തൊമ്മൻ	,,	[illegible]	[illegible]	[illegible]
,,	[illegible] ചാണ്ടി	,,	[illegible]	[illegible]	[illegible]
,,	[illegible]	,,	[illegible]	[illegible]	[illegible]
,,	പി. കെ. [illegible] തരകൻ	,,	[illegible]	[illegible]	[illegible]
,,	പി. ജെ. [illegible] വാദ്ധ്യാർ	,,	[illegible]	[illegible]	[illegible]
,,	[illegible] കുര്യൻ	,,	[illegible]	[illegible]	[illegible]
,,	[illegible]	,,	[illegible]	[illegible]	[illegible]
,,	[illegible] അബ്രഹാം	,,	[illegible]	[illegible]	[illegible]
,,	[illegible] കുര്യൻ	,,	[illegible]	[illegible]	൦
,,	ഇടപ്പഴിക്കൽ [illegible]	,,	[illegible]	൦	൦
,,	[illegible] കോശി	,,	[illegible]	[illegible]	[illegible]
,,	[illegible] പോത്തൻ	,,	[illegible]	൦	൦
,,	[illegible] തൊമ്മി	,,	[illegible]	൦	൦
,,	[illegible] തൊമ്മി	,,	[illegible]	൦	[illegible]
,,	കെ. പി. വറുഗീസ	,,	[illegible]	൦	൦
,,	[illegible]	,,	൦	[illegible]	[illegible]
,,	[illegible] അബ്രഹാം	,,	൦	[illegible]	൦
,,	[illegible] കോര	,,	൦	[illegible]	[illegible]
,,	[illegible] ചെറിയാൻ	,,	൦	[illegible]	[illegible]
,,	[illegible] സി. ചാക്കോ	,,	൦	[illegible]	൦
,,	[illegible] കുര്യൻ മാസ്റ്റർ	,,	൦	[illegible]	൦
,,	[illegible]	,,	൦	[illegible]	൦
,,	[illegible] തൊമ്മി	,,	൦	[illegible]	൦
,,	[illegible] കോര	,,	൦	[illegible]	[illegible]
,,	[illegible] കോര	,,	൦	[illegible]	൦
,,	[illegible] കോര	,,	൦	[illegible]	[illegible]
,,	[illegible] കുര്യൻ	,,	൦	[illegible]	൦
,,	[illegible] തൊമ്മൻ	,,	൦	[illegible]	[illegible]
,,	[illegible] വറുഗീസ	,,	൦	[illegible]	[illegible]
,,	[illegible]	,,	൦	[illegible]	[illegible]

(തുടരും)

	ബ്രിട്ടീഷ് രൂപാ	ചക്രം
ഒരു കൊല്ലത്തേക്കു	൧	൧൪
ഒററപ്രതിക്കു		൨

പരസ്യക്കൂലി

ഒന്നാം പ്രാവശ്യത്തേക്കു	വരി ഒന്നിനു	൦	൩
പിന്നെ എല്ലാ പ്രാവശ്യങ്ങൾക്കും	ടി	൦	൧൬

പത്രവരി അടച്ച മാന്യന്മാരുടെ പേരുവിവരം

	[illegible]	രൂ.	ച.
കാഞ്ഞിരമററത്തു പള്ളിയോഗത്തിൽനിന്ന			
ചെന്നമംഗലത്തു വക്കി		൧	൧൪
തെക്കൻ പറവൂർ അകരപ്പാടത്തു മാത്തുള്ള	,,	൨	൦
പുതുപ്പള്ളി പള്ളിയോഗത്തിൽനിന്ന	,,	൧	൦
കല്ലിശ്ശേരി അകമ്പള്ളി [illegible]		൧	൧൪
[illegible] കരോട്ടുവീട്ടിൽ കൊച്ചുയിപ്പു കൊരു	,,	൨	൦
[illegible] മുളക്കുഴ [illegible] അച്ചൻ	,,	൧	൦
ടി പള്ളിയോഗത്തിൽനിന്ന	,,	൨	൦
ടി പുതുക്കൊ [illegible] കത്തനാർ		൨	൦
വടക്കൻപറവൂർ പള്ളിയോഗത്തിൽനിന്ന	,,	൨	൦
പാമ്പാക്കുട വലിയപള്ളിയിൽ [illegible] കൊച്ചുപറമ്പിൽ		൨	൦
[illegible] ശെമ്മാശു			
[illegible] കോലഞ്ചേരി [illegible]	,,	൧	൧൪
ടി പള്ളിയോഗത്തിൽനിന്ന	,,	൧	൧൨
കടമററം പള്ളിയോഗത്തിൽനിന്ന		൧	൧൪
[illegible] പള്ളത്തിൽ പുത്തൻപുരക്കൽ വൈദ്യൻ		൨	൦
[illegible] [illegible] പുത്തൻപുരക്കൽ [illegible]	,,	൧	൧൨
തിരുവല്ലാ [illegible] കോശി	,,	൧	൧൪
ടി [illegible] പുത്തൻപള്ളിയോഗത്തിൽനിന്ന	,,	൧	൧൨
ചെങ്ങന്നൂർ [illegible] വക്കി	,,	൧	൧൪
പുത്തൻകാവു കൊച്ചുപറമ്പിൽ [illegible]	,,	൨	൦
ചെങ്ങന്നൂർ [illegible] [illegible] കത്തനാർ	,,	൧	൧൨
നിരണം [illegible] [illegible] കൊച്ചു [illegible]	,,	൧	൧൪
വൈദ്യൻ	,,	൧	൧൪
പുത്തൻകാവു പള്ളിയോഗത്തിൽനിന്ന	,,	൧	൧൪
[illegible] കൊച്ചു [illegible]	,,	൧	൧൪
നിരണം [illegible] പൌലോസ്	,,	൨	൦
ടി പള്ളിയോഗത്തിൽനിന്ന		൨	൦
ടി [illegible] അച്ചൻ	,,	൧	൧൪
പുത്തൻകാവു പുത്തൻപുരക്കൽ [illegible]	,,	൧	൧൪
[illegible] തോമ്മാ [illegible]	,,	൧	൧൨
[illegible] കണ്ടത്തിൽ മാത്തുള്ള [illegible]	,,	൨	൦
[illegible] കൊല്ലപറമ്പിൽ [illegible]	,,	൧	൦
[illegible] [illegible] [illegible]	,,	൨	൦

MAR THOMAS PRESS,
KOTTAYAM